വിശ്വാധിമർത്ത്യഭജനത്തിൻ വീണ്ടുമാറാ-
വിശ്വാസമേറ്റു നടകൊണ്ടിതു മന്ദമന്ദം. 16

മുന്നാട്ടു ക്രിസ്തുഭഗവാൻ — സ്വജനൈകപൂജ്യൻ-
തന്മേന്മയാർന്ന ചരണാംബുജസേവനാർത്ഥി
സമ്മുഗ്ദ്ധസന്നിഭമതാം ശ്രമനീർസ്ഫുടിച്ചോ-
രമ്യോജ്ജ്വലായതനിടിലം ധരയോടണച്ചാൻ 17

വിക്രാന്തചിന്തനയുതാർത്തിവിജൃംഭണത്തിൽ
ചക്രം തിരിഞ്ഞുതകമാം ഹൃദയത്തിൽനിന്നും
“വിക്രാന്തിമൽസ്വജനസംഘവരാപ്തതാത്മൻ!
മൽക്ലാന്തി നീക്കുകവേ”ന്നിതി ചൊന്നിരപ്പോൻ!! 18

എന്നിട്ടുമേതുഫലവും ലഭിയാതെ, യാത്ര-
കണ്ണിച്ചു ദുഃഖവശനായെഴുന്നേറ്റു പിന്നെ,
വന്നിദ്രതന്നിലടിപെട്ട നിജാനുഗാളി-
തന്നന്തികത്തിലുടനെത്തി, യഥാകുലചിത്തൻ. 19

പ്രീതാശയാഗ്ര്യമണി, യാർദ്രതയാർന്ന ശിഷ്യ-
ർക്കേതാകിലും സ്വപനവല്ലമയറിഞ്ഞിടാതെ
ജാതാത്മസങ്കടമൊടങ്ങുഗമിച്ചു മൂന്നാം
ഹാ! താനിരുന്നിടമണഞ്ഞു കരഞ്ഞു പേർത്തും. 20

“നില്ലാത്ത മാരണിപിശാചിക വാ പിളർന്നു
വല്ലാതെ നാഥ! പരമെന്നൊടു പോരിടുന്നു!!
എല്ലാമറിഞ്ഞതമകമെന്നടെതാത! നീതാ-
നല്ലാതെയിപ്പൊഴുതിവന്നു തുണപ്പതാരോ? 21

ഭൂപപ്രവീര! മമമേനിയിലുള്ള രോമ-
കൂപത്തിൽ വേർപ്പു പൊടിയുന്നിതു — ഹാ! നിണം താൻ
ആപന്നനാകുമിവനർത്ഥന ചെയ്‌വതീശാ!
നിൻപൊന്നുകർണ്ണയുഗളങ്ങളിലെത്തിയില്ലേ? 22

അശ്രാന്തമാത്മസുഖദായകതത്വചിന്താ-
വിശ്രാമമേ! പ്രണതസങ്കടപങ്കഹാരിൻ!
വിശ്രാന്തിയറ്റിവനിരുന്നിടുമായതങ്ങ-
ക്കശ്രാവ്യമായ് കരുതിയെന്നതുമായിടാമോ? 23

ത്രൈകേശപാലനോപമഹൃദന്തരമാമെല്ലുട-
രിക്ഷുകുമാരമരമൊന്നതകൃതിന്നായ്

പ്രക്ഷോഭമോടിവിടുന്നതിനുമെന്നതും മേ-
ൽക്കായികാരി ഭഗവാനറിയുന്നതില്ലേ? 24

നിത്യസ്വരൂപ! ഭവദീയ തനൂജനീ ഞാൻ
വ്യത്യസ്തമെന്നി ഭവദാജ്ഞയെയാചരിക്കെ
അത്യാഹിതം വരുവതിന്നൊരു ബന്ധമെന്തെ-
ന്നത്യന്തവേദനയിവൻകലരുന്നുമുന്നിൽ?" 25

കന്നിച്ചിട്ടും കൊടിയ പീഡ സഹിച്ചിടാതെ-
യന്നിദ്ദശോകമൊട്ടുകല്പമലിഞ്ഞിടുംപോൾ
അന്നന്മലാത്മകനിടം പ്രലപിച്ചുകൊണ്ടു
മന്നിൽ പതിച്ചഹഹ! നീറിയുരുണ്ടുകേണാൾ.

[തുടരും]

## വെളിപ്പാട്ടുപുസ്തകം

(7-ാം വാല്യം 127-ാം ഭാഗത്തിന്റെ തുടർച്ച)

### സൂര്യധാരിണിക്ക് ഉണ്ടായ പീഡ, വെളി. 12: 13—16

മഹാസർപ്പം ഭൂമിയിലേക്ക തള്ള-
പ്പെട്ടപ്പോൾ, തന്റെ തോൽവി;
ശക്തിയുടേയും അധികാരത്തിന്റേ
യും സ്ഥാനത്തേക്ക് ക്ഷണിക്കപ്പെട്ടു ഇ
റക്കപ്പെടുകയാലുണ്ടായതാണെന്നറി
ഞ്ഞു പ്രസ്തുത ശിശുവിന്റെ മാ
താവായ സൂര്യധാരിണിയുടെ നേരെ
പകയും ക്രോധബുദ്ധിയും പ്രത്യേകമാ
യി വിടം വ്യാപരിപ്പിക്കും. ഇങ്ങി
നെ മഹാസർപ്പത്തിന്റെ ശത്രുതയ്ക്ക
വിഷയമായിത്തീർന്ന സ്ത്രീക്ക മരുഭൂമി
യിലേക്ക പറന്നുപോകേണ്ടതിന്ന് വ
ലിയ കഴുകന്റെ ചിറകുകൾ നൽക
പ്പെട്ടു. അവിടെ അവളും കാലവും കാ
ലങ്ങളും കാലാർദ്ധവും അതായത് മൂന്നര
ക്കൊല്ലം പോഷിപ്പിക്കപ്പെട്ടു. ഇത് പ്ര
സ്താവന എജിപ്തിൽനിന്നുള്ള ഇസ്രാ
യേലിന്റെ ഓടിപ്പോക്കിനെക്കുറിച്ച് ന
മ്മുടെ സ്മരണയെകൊണ്ടുപോകുന്നു. ത
ദ്വിഷയമായി ദൈവം പറഞ്ഞിരിക്കു
ന്നത് ഇങ്ങിനെയാണ്: "ഞാൻ മിസ്ര
യീമ്യരോട ചെയ്തതും നിങ്ങളെ കഴുക
ന്മാരുടെ ചിറകിന്മേൽ വഹിച്ച് എ
ന്റെ അടുക്കൽ വരുത്തിയതും നിങ്ങൾ
കണ്ടുവല്ലോ" (പുറ: 19: 4) സ്ത്രീ, മ
ഹാസർപ്പം, എന്നിവ സ്വരൂപീകരിക്ക
ന്നതുപോലെ കഴുകന്റെ ചിറകും സ
ദൃശമാണ്. മഹാസർപ്പം ബന്ധിക്കപ്പെ
ട്ടുവരെ താൻ മൂന്നര വർഷത്തേക്ക നി
ർബാധം സൂക്ഷിക്കപ്പെടുന്നതും പോ
ഷിപ്പിക്കപ്പെടുന്നതുമായ മരുഭൂമിയി
ലേക്ക സ്ത്രീയാകുന്ന ഇസ്രായേൽ സുര
ക്ഷിതമായും വേഗത്തിലും ഓടിപ്പോകുന്നതി
ന്നെ അത്രേ ചിറകുകൾ കാണിക്കുന്ന
ത്.

ഇതു ശ്ലിട്ടതാക്കുറിച്ചു യെശയ്യാപ്ര
വാചകൻ താഴെ വരും പ്രകാരം പ
റഞ്ഞിരിക്കുന്നു: "എന്റെ ജനമേ, വ
ന്നു നിന്റെ അറകളിൽ കടന്ന വാ
തിലുകളെ അടെക്കുക; ക്രോധം [മഹാ
പീഡനം] കടന്നുപോകുവോളം അൽ

പ്പനേഷത്തെയും (മൂന്നരവർഷം) ഒളിച്ചി
രിക്കും" [യെശയ്യ. ൨൭: ൧] "അന്നാളി
ൽ (മഹാസർപ്പത്തെ തള്ളിക്കളയുന്ന
നാളിൽ) യഹോവ കടുപ്പവും വലിപ്പ
വും ബലവും ഉള്ള തന്റെ വാൾകൊ
ണ്ടു വിദ്രുതസർപ്പമായ ലിവ്യാഥാനെ
യും വക്രസർപ്പമായ ലിവ്യാഥാനെയും
സന്ദർശിക്കും; സമുദ്രത്തിലെ മഹാസ
ർപ്പത്തെ അവൻ കൊന്നുകളയും." (യെ
ശയ്യ: ൨൭. ൧) ഈ സമുദ്രത്തിലെ മ
ഹാസർപ്പം കടലിൽനിന്നു കരേറിവരു
ന്ന മൃഗം അഥവാ അന്തിക്രിസ്തു ആയി
രിക്കാം. വെളി. ൧൩: ൧, ൨.

മത്തായി ൨൪: ൧൫—൨൨ വരെ ക്രി
സ്തു സൂചിപ്പിട്ടുള്ള കാലവും ഇതു ത
ന്നെ. "എന്നാൽ ദാനിയേൽ പ്രവാച
കൻ [ദാനി: ൯: ൨൭] മുഖാന്ത
രം അരുളിച്ചെയ്തതുപോലെ ശൂന്യമാ
ക്കുന്ന മ്ലേച്ഛത വിശുദ്ധസ്ഥലത്തിൽ നി
ൽക്കുന്നതു നിങ്ങൾ കാണുമ്പോൾ—
വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ—
അന്നു യെഹൂദ്യയിലുള്ളവർ മലകളി
ലേക്കു ഓടിപ്പോകട്ടെ. വീട്ടിന്മേൽ ഇ
രിക്കുന്നവൻ വീട്ടിലുള്ളതു എടുക്കേണ്ട
തിന്നു ഇറങ്ങരുതു്. വയലിലുള്ളവൻ വ
സ്ത്രം എടുപ്പാൻ മടങ്ങിപ്പോകരുതു്.
ആ കാലത്തു ഗർഭിണികൾക്കും മുലകു
ടിപ്പിക്കുന്നവർക്കും അയ്യോ കഷ്ടം! എ
ന്നാൽ നിങ്ങളുടെ ഓടിപ്പോക്ക ശീത
കാലത്തോ ശബ്ബത്തിലോ സംഭവിക്കാ
തിരിപ്പാൻ പ്രാർത്ഥിപ്പിൻ. ലോകാരം
ഭം മുതൽ ഇന്നുവരെയും സംഭവിച്ചി
ട്ടില്ലാത്തതും ഇനി മേൽ സംഭവിക്കാ
ത്തതും ആയ വലിയ കഷ്ടം അന്നുണ്ടാ
കും. ആ നാളുകൾ ചുരുങ്ങാതിരുന്നാൽ
ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വൃ
തന്മാർ (ഇസ്രായേലിൽനിന്നുള്ള വൃത
ന്മാർ) നിമിത്തമോ ആ നാളുകൾ ചു
രുങ്ങും." ഇവിടെ മത്തായി പറയുന്ന
മാത്രം ലൂക്കോസു പറഞ്ഞിരിക്കുന്ന മാ
ത്രമല്ല. ലൂക്കോസിന്റെ കഥനമാവിതു്:
"സൈന്യങ്ങൾ യെരുശലേമിനെ വള
ഞ്ഞിരിക്കുന്നതു കാണുമ്പോൾ അതി
ന്റെ ശൂന്യകാലം അടുത്തിരിക്കുന്നു
എന്നു അറിഞ്ഞുകൊൾവിൻ!! അ
ന്നു യെഹൂദ്യയിലുള്ളവർ മലകളിലേക്കു
ഓടിപ്പോകട്ടെ. അതിന്റെ നടുവിലു
ള്ളവർ പുറപ്പെട്ടു പോകട്ടെ. നാട്ടിൻ
പുറങ്ങളിലുള്ളവർ അതിൽ കടക്കയുമ
രുതു്. എഴുതിയിരിക്കുന്നതു് എല്ലാം നി
വൃത്തിയാകേണ്ടതിന്നു ആ നാളുകൾ
പ്രതികാരകാലമാകുന്നു. ആ കാലത്തു
ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവ
ർക്കും അയ്യോ കഷ്ടം!! ദേശത്തു വലി
യ ഞെരുക്കവും ഈ ജനത്തിന്മേൽ
ക്രോധവും ഉണ്ടാകും. അവർ വാളി
ന്റെ വായ്ത്തലയാൽ വീഴുകയും, അ
വരെ സകല ജാതികളിലേക്കും ബദ്ധ
രായി കൊണ്ടു പോകയും ജാതികളുടെ
കാലം തികയുവോളം ജാതികൾ യെരു
ശലേം ചവിട്ടിക്കളകയും ചെയ്യും."

മത്തായിയും ലൂക്കോസും പറഞ്ഞിട്ടു
ള്ള ഈ സൂക്തങ്ങൾ രണ്ടും ഒന്നുതന്നെ
യോ വാക്കുകൾ വ്യത്യാസമുണ്ടെന്നു തെളി
യുന്നു. ലൂക്കോസ് ക്രിസ്താബ്ദം 70
ൽ തീത്തൂസിനാൽ ഉണ്ടാകുന്ന യെരു
ശലേം നാശത്തെയാണു പ്രതിപാദിക്കു
ന്നതു്. അക്കാലത്തു യെരുശലേം റോമ
ർ സൈന്യങ്ങളാൽ വളയപ്പെടുകയു
ം സ്ത്രീകൾ തങ്ങളുടെ കുട്ടികളെ പാകം
ചെയ്തു ഭക്ഷിക്കത്തക്കവണ്ണം നഗരവാ
സികൾക്കു വലിയ കഷ്ടത ഉണ്ടാകയു
ം ചെയ്യുന്നു. നടന്നു കഴിഞ്ഞ വൃത്താന്ത
മത്രേ ഇതു്. ൨൪-ാം വാക്യം നിറവേ
റിയിരിക്കുന്നു. യഹൂദന്മാർ സകല ജാതി
കളുടെ ഇടയിലും ബദ്ധരായി കിടക്കു
ന്നു. അവർ തിരിച്ചു വന്നിട്ടില്ല

പ്രസ്തുത സംഭവമുണ്ടായ നാൾ മുതൽ യരുശലേം ജാതികളാൽ ചവിട്ടപ്പെട്ടിരിക്കുന്നു. ജാതികളുടെ കാലം നിറവേറുംവരെ അങ്ങനെ കിടക്കുകയും ചെയ്യും. എന്നാൽ മത്തായി പറയുന്ന കൊടിപ്പോക്ക് വരുവാനുള്ളതാണ്. മഹാപീഡനകാലത്തു ദാനിയേൽ പറയപ്പെട്ട ശൂന്യമാക്കുന്ന മ്ലേച്ഛത സ്ഥാപിക്കപ്പെടുന്നതിനു മുമ്പായി ഈ കൊടിപ്പോക്ക് നടക്കുന്നതായിട്ടാണ് അവൻ പറയുന്നത്. ജാതികളുടെ ദേവന്മാർ അഥവാ വിഗ്രഹങ്ങൾ അശുദ്ധമ്ലേച്ഛത. മിൽക്കോം അഥവാ മോളെക് അമ്മോന്യരുടെയും മോവാബ്യരുടെയും മ്ലേച്ഛതയായിരുന്നുവല്ലോ. [൧ രാജാ: ൧൧: ൭] ഇതിനാൽ ദാനിയേൽ പറയുന്ന മ്ലേച്ഛത വിഗ്രഹം അഥവാ വ്യാജദേവന്മാർ തന്നെ. ആഴ്ചവട്ടത്തിന്റെ മദ്ധ്യത്തിൽ വിനാശകൻ അഥവാ അന്തിക്രിസ്തു വെളിപ്പെടുകയും ബലിയും വഴിപാടും നിർത്തലാക്കുകയും ദേവാലയത്തിന്റെ വിശുദ്ധസ്ഥലത്തു വിഗ്രഹം സ്ഥാപിക്കുകയും ചെയ്യും. അതു വെളി: ൧൩: ൧൪, ൧൫ ൽ കാണുന്ന മൃഗത്തിന്റെ പ്രതിമയായിരിക്കും.

നാം ഇവിടെനിന്നു സ്ത്രീയുടെ ഓടിപ്പോക്കിലേക്കു തിരിയുന്നു. അവൾ ഓടിക്കയറുന്നതും കതകുകൾ അടച്ച് അല്പനേരത്തേക്കു മറഞ്ഞിരിക്കുന്നതും കാലവും കാലങ്ങളും കാലാർദ്ധവും അതായത് മൂന്നരവർഷം ദൈവത്താൽ പോഷിപ്പിക്കപ്പെടുന്നതുമായ അവളുടെ സ്ഥലം അതായതു അറമ്പി എവിടെയാണെന്നു നിർണ്ണയിപ്പാൻ സാധിക്കുമോ എന്നു നോക്കാം.

## സങ്കേതനഗരങ്ങൾ

പഴയനിയമകാലത്തെ സങ്കേതനഗരങ്ങൾ മരുഭൂമിയിലുള്ള ഇസ്രായേൽ മക്കളുടെ ഈ സങ്കേതത്തിന്റെ സദൃശമാകുന്നു.

സങ്കേതനഗരങ്ങൾ രക്തപ്രതികാരകനിൽനിന്നു ഘാതകൻ ഓടി രക്ഷപ്പെടേണ്ടതിനു യോർദ്ദാന്നദിയുടെ ഇരുകരകളിലും മൂന്നുവീതം സ്ഥാപിക്കപ്പെട്ടിട്ടുള്ളവയാണ്. ഘാതകൻ വിസ്താരശേഷം മനഃപൂർവ്വമായി കൊലനടത്തിയവൻ എന്നു തെളിഞ്ഞാൽ അവനെ പ്രതികാരകന്റെ പക്കൽ ഏല്പിക്കുക പതിവായിരുന്നു. എന്നാൽ അവൻ അബദ്ധവശാൽ കൊന്നുപോയതാണെങ്കിൽ ഇവന്നു ജീവഹാനി വരുത്താതെ മഹാപുരോഹിതന്റെ മരണംവരെയും അതിൽ പാർക്കേണ്ടതായിരുന്നു. ഘാതകൻ ഇല്ലായിരുന്നെങ്കിൽ പ്രതികാരകനും ഇല്ലായിരുന്നേനെ. എന്നു മാത്രമല്ല സങ്കേതനഗരത്തിനു ആവശ്യമില്ലായിരുന്നതുമാണു.

എന്നാൽ യെഹൂദ്യജനങ്ങൾ ജീവന്റെ പരിരക്ഷണത്തിനായി ഓടിപ്പോകുവാൻ പ്രബോധിപ്പിക്കപ്പെടുന്നതായി പുതിയനിയമത്തിൽ കാണുന്നപക്ഷം അവരുടെ പിന്നാലെ ഒരു പ്രതികാരകൻ ഉള്ളതുകൊണ്ടാണ് അവർ ഓടിപ്പോകേണ്ടതെന്നും അവർ കൊലക്കുറ്റക്കാരായിരിക്കയാലാണ് അതിനിടയാകുന്നതെന്നും വിശ്വസിച്ചേ മതിയാവൂ.

എന്നാൽ ഏതാദൃശമായ ഒരു സംഘം യൂദവർഗ്ഗത്തിലുണ്ട്. അവർ ക്രിസ്തുവിന്റെ മരണത്തിനു കാരണക്കാരായിരുന്നു. റോമാധികാരസ്ഥന്മാരാൽ ക്രിസ്തു ക്രൂശിക്കപ്പെട്ടു എന്നുവരികിലും അവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ മക്കളുടെമേലും വരട്ടെ [മത്താ. 27: 25] എന്നു യൂദന്മാർ നിലവിളിച്ച് ആ രക്തപാതകം തങ്ങൾതന്നെ സ്വീകരിച്ചു. ആദ്യനൂറ്റാണ്ടിൽ ക്രിസ്തു-

വിന്റെ കൊല മനഃപൂർവ്വവധം എന്ന തൊന്നാം. എന്നാൽ ക്രൂശിന്മേൽ കിടന്നുകൊണ്ട് യേശു, "പിതാവേ! ഇവർ ചെയ്യുന്നതു ഇന്നതു് എന്ന ഇവർ അറിയായ്കകൊണ്ട് ഇവരോടു ക്ഷമിക്കേണമേ" എന്നപേക്ഷിച്ചതിൽ നിന്നു് യേശുവിന്റെ മരണം വെറും മഹാന്ധമായ വൈരാഗ്യത്തിൽ നിന്നു് ചെയ്ത ഒരു വധം എന്നല്ലാതെ കരുതിക്കൂട്ടിച്ചെയ്ത ഒരു കൊലയല്ലെന്നു തെളിവാണ്. പൗലൂസ് ഇങ്ങനെ പറയുന്നു. "അവർ അറിഞ്ഞിരുന്നുവെങ്കിൽ തേജസ്സിന്റെ കർത്താവിനെ ക്രൂശിക്കയില്ലായിരുന്നു." [൧-കോരി. ൨-൮]

അതിനാൽ 'ദുർവ്വഹത്തിന സഹാത്യയുള്ള കുററമാത്രമേയുള്ള' യേശുവിന്റെ 'ഘാതകന്മാർ എന്ന നിലയിൽ അവർ ആയിരത്തി എണ്ണൂറിലധികം വർഷമായി സങ്കേതന നഗരമന്വേഷിച്ചുകൊണ്ട് അവർ ഓടിനടക്കുന്നു. ഇതുവരെയും അവർക്കതു ലഭിച്ചതുമില്ല. രക്തപ്രതികാരകൻ അവരുടെ പിന്നാലെ ഓടുന്നു. അവർ ജാതി തോറും വേട്ടയാടപ്പെടുന്നു. ഇതിനാൽ "അലഞ്ഞുതിരിയുന്ന യഹൂദൻ" എന്നുള്ള പേർ അനേക നൂറ്റാണ്ടുകളായി ലഭിച്ചിരിക്കുന്നു. ആവ. ൨൮: ൬൪-൬൭വരെയുള്ള വാക്യങ്ങളിൽ കാണുന്ന മോശയുടെ പ്രവചനവാക്കുകൾക്കനുസരണമായി കാലിനു വിശ്രമസ്ഥലം കണ്ടുപിടിപ്പാൻ അവർക്കു ഇതുവരെ കഴിയാതിരിക്കുന്നു.

യഹൂദന്മാരാണ് ഘാതകരെങ്കിൽ രക്തപ്രതികാരകനാര്? ഇതിനു മറുപടി അന്തിക്രിസ്തു എന്നത്രേ.

ഇനിയും മഹാസപ്തത്താൽ ആവിർഭൂതനായ അന്തിക്രിസ്തു ആകുന്നു രക്തപ്രതികാരകൻ. പിന്നാലെ ഓടുമ്പോഴം ഇസ്രായേലിനുവേണ്ടി ദൈവം കരുതുന്ന സങ്കേതന നഗരത്തെക്കുറിച്ച് ആലോചിക്കാം.

ദൈവമായ കർത്താവ് ഈജിപ്റ്റിൽ നിന്ന് ഇസ്രയേൽജനങ്ങളെ പുറപ്പെടുവിച്ചപ്പോൾ അവർ ചെങ്കടൽ കടന്നു. ന്യായപ്രമാണം വാങ്ങുന്നതിനും സമാഗമനകൂടാരം നിർമ്മിക്കുന്നതിനും സീനായിമലയുടെ അടിവാരത്തു കൂടാരമടിച്ചശേഷം, ഒരു കൊല്ലം കഴിഞ്ഞു് കാദേശ്ബർന്നയയിൽ വന്നു. അവിടെവെച്ച് അവർ കനാൻനാട്ടു ഒറ്റുനോക്കുവാൻ ഒററുകാരെ അയച്ചു. എന്നാൽ അവർ കയറി ചെന്നു ദേശം അധീനപ്പെടുത്താതെ ഇരുന്നതുകൊണ്ട് ചാവുകടലിനു തെക്കുള്ള മരുഭൂമിയിൽ അലഞ്ഞുതിരിവാൻ നിർബന്ധിതരായി. അവിടെവെച്ചു ദൈവം അവരെ നാല്പതുവർഷം തീററിപ്പോററി. അതിനാൽ രക്തപ്രതികാരകൻ അവരെ ഞെരുക്കിപ്പിപ്പാൻ തുടങ്ങുന്ന ദിവസത്തിൽ അതേ മരുഭൂമിയിൽത്തന്നെ ദൈവം അവർക്കു സങ്കേതനഗരം നൽകുന്നതായിരിക്കും.

അന്തിക്രിസ്തുവിനെക്കുറിച്ചു പറഞ്ഞുവരുമ്പോൾ ദാനിയേൽ പ്രവാചകൻ പറയുന്നതാവിതു:— "അവൻ മനോഹരദേശത്തിലേക്കു കടക്കും; പതിനായിരം പതിനായിരം പേർ ഇടറിവീഴും; എങ്കിലും ഏദോമും മോവാബും അമ്മോന്യരിൽ പ്രധാനന്മാരും അവന്റെ കയ്യിൽ നിന്നു വഴുതിപ്പോകും" ദാനി. 11:41.

ഇസ്രയേൽ നാല്പതു വർഷത്തോളം ചുററിനടന്ന മരുഭൂമി ഇപ്പോൾ ഏദോമിന്റെ വശമാണ്. ദൈവം ഇസ്രയേലിനു കൊടുത്തതായ സങ്കേതനഗരം ഇപ്പോൾ ഏദോമിലത്രേ സ്ഥിതി ചെയ്യുന്നതു്. അതിനു് ഇക്കാല

പെത്രാ എന്നു പറയും. അതു ശലോ
മോൻ രാജാവിന്റെ കാലത്തു മഹത്താ
യ ഒരു വാണിജ്യകേന്ദ്രമായിരുന്നു. ക്രി
സ്തുവർഷം ൧൦൬-ൽ റോമാക്കാർ ആ
രാജ്യം ജയിച്ചു കീഴടക്കുകയും ആ പ്ര
ദേശത്തെ അറേബിയാപെത്രാ (Arabia
Petra) എന്നു വിളിക്കുകയും ചെയ്തു.

റോമയുടെ ശക്തി ക്ഷയിച്ചപ്പോൾ
അതു ക്രമേണ അറബികളുടെ കയ്യിലാ
കുകയും ഏഴാം ശതാബ്ദത്തിൽ നി
ശ്ശേഷം നശിച്ചു പരിഷ്കൃത ലോക
ത്തിനു അജ്ഞാതമാവുകയും ചെയ്തു.
൧൮൧൨-ൽ ബർക്ക്ഹാർട്ടിനാൽ ഇതു
പുനർദൃഷ്ടമായി.

അതു അഗ്നിപർവ്വതത്തിന്റെ മുഖം
എന്നപോലെ പർവ്വതങ്ങളുടെ ഉള്ളിൽ
സ്ഥിതി ചെയ്യുന്നു. ഒരു പ്രവേശകവാ
ടം മാത്രമേ അതിനുള്ളൂ. അതു ൨൦൦ അ
ടി മുതൽ ൪൦ അടിവരെ വീതിയിലുള്ള ഇ
ടുങ്ങിയതും ചുററിവളഞ്ഞു പോകുന്ന
തും ആയ ഒരു ഇടുക്ക് ആണ്. അതി
ന്റെ വശങ്ങൾ കിഴുക്കാംതൂക്കും മീ
തെയുള്ള ആകാശം മിക്കവാറും കാ
ണാൻ കഴിയാതവണ്ണം പരസ്പരം തൊ
ട്ടിരിക്കുന്നതുമാകുന്നു. അതിൽക്കൂടി സ
ഞ്ചരിക്കുമ്പോൾ ഗുഹകളിൽക്കൂടി നട
ക്കുകയാണെന്നു തോന്നിപ്പോകും. ഇരു
വശങ്ങളുടേയും ഉയരം ഇരുനൂറുമുതൽ
ആയിരം അടിവരെയാണ്. പ്രസ്തുത
ഇടുക്കിന്റെ നീളം ഏകദേശം രണ്ടു
മൈൽ ആകുന്നു. ഇതു വിസ്മയകരമായ
പ്രവേശദ്വാരത്തോടു കൂടിയ വേറൊരു
നഗരം ലോകത്തിലില്ല. ഇടുക്കിന്റെ
ഇരുവശങ്ങളും പാറയിൽ വെട്ടി തെളി
യിക്കപ്പെട്ടിട്ടുള്ള അത്യുത്തമോന്നത
സ്തംഭങ്ങളാലും ആലയങ്ങളാലും
നിറഞ്ഞിരിക്കുന്നു. നഗരത്തിന്റെ ശി
ലാമയമായ വളപ്പിനുള്ളിൽ മനോഹര
ശില്പങ്ങൾ, ശവകുടീരങ്ങൾ, സ്തംഭങ്ങ
ൾ എന്നിവ കാണപ്പെടുന്നു. നഗര
ത്തെ ചുററിയിരിക്കുന്ന കുന്നുകളുടെ
പാറകൾ വെട്ടി തേൻകൂടിന്റെ ആ
കൃതിയിൽ തുരക്കപ്പെട്ടിരിക്കുന്ന
അറ താഴ്വരയുടെ സമനിരപ്പിൽ നി
ന്നു മുന്നൂറടി ഉയരം വരും. ഇതിലുള്ള
ഗുഹകൾ ചുവപ്പ്, ധൂമ്രം, നീലം, ക
റുപ്പ്, വെള്ള, മഞ്ഞ എന്നീ നിറമുള്ള
പാറകളിൽ വെട്ടപ്പെട്ടിട്ടുള്ളവയും സ
ന്ദർശകനെ പരവശീകരിക്കുന്ന അസാ
ന്യമായ കാഴ്ചയെ നൽകുന്നവയു
മാകുന്നു.

രക്തപ്രതികാരകനായ അന്തിക്രി
സ്തുവിന്റെ കൈകളിൽനിന്നു ഒ
ററിയൊഴിയേണ്ട കാലം ഘാതകനാ
യ ഇസ്രായേലിനു നേരിടുമ്പോൾ പെ
ത്രായിലെ പുരാതന നഗരത്തിന്റെ
ശിലാഭിത്തികൾ ആ ജാതിയുടെ സ
ങ്കേതനഗരമായിരിക്കും. ഇസ്രായേലാക
ുന്ന സ്ത്രീ മരുഭൂമിയിലേക്കു ഓടിപ്പോക
ുമ്പോൾ സാത്താനാൽ ആവേശിതനാ
യിരിക്കുന്ന അന്തിക്രിസ്തുവാകുന്ന മ
ഹാസർപ്പം അവളെ നശിപ്പിക്കേണ്ടതി
നു വായിൽനിന്നു ഒരു ജലപ്രവാഹ
ത്തെ അയക്കുന്നതായും ഭൂമി വായ്തുറന്നു അതി
നെ വിഴുങ്ങിക്കളയുന്നതായും നാം വാ
യിക്കുന്നുണ്ടല്ലോ. അതു അന്തിക്രിസ്
തു ഓടിപ്പോകുന്ന ഇസ്രായേല്യരുടെ പി
ന്നാലെ തന്റെ സൈന്യത്തെ അയ
ക്കുന്ന സംഗതിയായിരിക്കാം. പക്ഷെ
ആ സൈന്യം മരുഭൂമിയിൽ മണലാര
ണ്യങ്ങളിൽ സാധാരണ ഉണ്ടാകുന്ന
സൈകതവാതത്താൽ നശിപ്പിക്കപ്പെ
ടുകയും ഇസ്രായേൽ തന്റെ സങ്കേത
ത്തിൽ സുഖമായി എത്തുകയും ചെ
യ്യും. അവിടെ അവർ പ്രധാനപുരോ
ഹിതന്റെ മരണംവരെയല്ല പിന്നെ
യോ, സ്വർഗ്ഗീയസൈന്യങ്ങളുടെ രാജ

ഷിക്തനായ യേശുവാകുന്ന മശിഹാപു ഷിക്തന്റെ പ്രത്യാഗമനംവരെക്കു ന്നു പാർക്കും. അവൻ വന്ന് അവ ള ഉദ്ധരിക്കയും സ്വന്തസ്ഥലം വിട്ടു പോയവരെ അന്വേഷിക്കയും ചെയ്യും. ത്ഭൂമിയിലുള്ള ഇസ്രായേലിന്റെ ഈ ഗൂഢവാസകാലം മുഴുവൻ ഏകാശയുടെ കാലത്തു ആ വനത്തിൽവെച്ചു തന്നെ നാല്പതുകൊല്ലം അവരെ പരിപോഷി പ്പിച്ചതുപോലെ ഈ ലോകത്തിലും സ ർവ്വശക്തൻ അവളെ പരിപോഷിപ്പി ക്കും. (തുടരും)

## എന്റെ അനുഭവസാക്ഷ്യം

(പി. സി. ജോൺ, കുമ്പനാട്.)

ഞാൻ രണ്ടുപ്രാവശ്യം ജനിച്ചു. അതു തന്നെന്നു പറയുന്നതിൽ വായനക്കാ ക്കു അത്ഭുതമുണ്ടായേക്കാം. എന്നാ ൽ ഞാൻ രണ്ടുപ്രാവശ്യം ജനിച്ചു അതു തന്നെ എന്ന് ഒന്നുകൂടി പറഞ്ഞു കൊള്ളുന്നു. മാതാപിതാക്കന്മാരിൽനി ന്നുള്ള എന്റെ ജനനം ശരീരപ്രകാരമു ള്ളതും, വചനത്തിൽനിന്നും വിശുദ്ധാ ത്മാവിൽനിന്നുമുള്ള എന്റെ ജനനം രണ്ടാമത്തേതും ആയിരുന്നു.

൧. ബാല്യസ്ഥിതിയും സന്മാർഗ്ഗികളാ യ മാതാപിതാക്കന്മാരിൽ നിന്നായിരു ന്നു എന്റെ ആദ്യജനനം. എങ്കിലും ഞാ ൻ രക്ഷിക്കപ്പെട്ടിരുന്നില്ല. പ്രായമായ പ്പോൾ ദുഷ്ട കൂട്ടുകാരുമായി പരിച യിക്കയാൽ ഞാൻ കോപിയും പിശാ ചുവിയും ആകുന്നതിൽ മുമ്പൻ ആ യിത്തീർന്നു. കോപസ്വഭാവമായിരുന്നു എന്നിൽ അധികം മുന്നിട്ടുനിന്നതു്.

ഇങ്ങനെയിരിക്കെ നിത്യനരകത്തെ പ്പറ്റിയുള്ള വിചാരം എന്നിൽ ഉണ്ടാ യിത്തുടങ്ങി. സ്വന്തം ആടുമാടുകളെ നോക്കുന്നതിനു ഞാൻ പുറത്തുപോകു മ്പോൾ വലിയ വൃക്ഷങ്ങളുടെയും ചുവട്ടി ലിരുന്നു മരിക്കയെപ്പറ്റി ഓർക്കു ക പതിവായിരുന്നു. പ്രസ്തുത ചിന്ത ഇ ടരെ ഉണ്ടായതിനാൽ പാപം ചെയ്യാ തെ ഭക്തിയിൽ ജീവിക്കണം എന്നു തീരുമാനിക്കയുണ്ടായി. അതനുസരിച്ചു ഞാൻ യോഗങ്ങൾക്കു പോകയും വായ ന, പാട്ടു് മുതലായവയിൽ ഉത്സാഹ ത്തോടു സംബന്ധിക്കയും ചെയ്തു. ഇങ്ങ നെ കുറേനാളുകൾ കഴിച്ചിട്ടും നരക ഭയവും സ്വർഗ്ഗകാംക്ഷയുമല്ലാതെ യാ തൊരു സ്വഭാവവ്യത്യാസവും എനി ൽ ഉണ്ടായില്ല. പാട്ടു്, പ്രാർത്ഥന, പള്ളി യിൽ പോക്കു് മുതലായവ കൃത്യമായി ചെയ്തുപോന്നിട്ടും നരകഭയം എനിക്കു മാറിക്കിട്ടിയില്ല എന്നുള്ള വാസ്തവം അ റിയിച്ചുകൊള്ളുന്നു. പാപമോചനത്തി നുള്ള വഴി കണ്ടുപിടിക്കാതെ സ്വർഗ്ഗ പ്രാപ്തിക്കായി ശ്രമിക്കുന്നതു് നിഷ്ഫല വും ഭോഷത്തവുമാണെന്നുള്ളതിനു അ ന്നത്തെ എന്റെ അനുഭവം സാക്ഷി യാണു്.

൨. മാനസാന്തരകാലം. ഇതിനിടെ ക്കു് വിവാഹവും കഴിഞ്ഞു് എന്റെ ൨൫-ാമത്തെ വയസ്സിൽ എത്തി. ഒരു ദിവസം ഞാൻ കൃഷിസ്ഥലത്തിരിക്കു മ്പോൾ രണ്ടു പ്രാസംഗികന്മാർ വന്നു മരമൊന്നു് പ്രസംഗിക്കണമെന്നു് അ വരിൽ ഒരുവന്റെ പ്രസംഗം ആരെയും

തള്ളിത്താഴെയിട്ടന്നതാണെന്നും അവർ എന്നോടു പറഞ്ഞു. ഇവർ സുപ്രസിദ്ധന്മാരായ ഡേവിഡും വേഡ്സ്വർത്തുമായിരുന്നു. ഒന്നുപോയികേൾക്കണമെന്നു ഞാൻ അപ്പോൾതന്നെ തീരുമാനിച്ച് നവീകരണതലസ്ഥാനമായ മാരാമണ്ണുപള്ളിയിലെത്തി. അന്നേദിവസം ഡേവിഡ് ഉപദേശിയുടെ പ്രസംഗവിഷയം ദാവീദിന്റെയും അബ്ശാലോമിന്റെയും കഥയായിരുന്നു. ആ പ്രസംഗം എന്നെ ഇരുപ്പിൽനിന്ന് ഇളക്കി. ദൈവിൻ ഭക്തനാകുന്ന ദാവീദിനെ വേണമോ അബ്ശാലോമാകുന്ന പിശാചിനെവേണമോ എന്നു പ്രസംഗികൻ പരിശുദ്ധാത്മാവേശത്തോടുകൂടി ചോദിച്ചുതുടങ്ങി. കേൾവിക്കാരുടെ ഹൃദയം ഇളകുകയാൽ അവരിൽ ഒരോരുത്തരും രക്ഷയ്ക്കായി നിലവിളിച്ചു. അപ്പോൾ പ്രാസംഗികൻ രക്ഷിക്കപ്പെടുവാൻ മനസ്സുള്ളവർ യോഗത്തിൽ എഴുന്നേല്ക്കട്ടെ എന്നു പറഞ്ഞു. ഞാൻ വിഷമിച്ചു. എന്റെ ഹൃദയത്തിന്റെ വേദന പറഞ്ഞുകേൾപ്പിക്കുവാൻ പാടില്ലായിരുന്നു. ഞാൻ നിലത്തുവീണു ദൈവത്തോടു പാപക്ഷമയ്ക്കായിട്ട് പ്രാർത്ഥിച്ചു. എന്റെ പാപം എനിക്കു മോചിച്ചുകിട്ടുകയും ചെയ്തു. ഇതിന്നൊരാഴ്ചമുമ്പ് ഉണ്ടായ വഴക്കുനിമിത്തം ഞാനുമായി വിരോധത്തിലിരുന്ന ഒരാൾ ഈ യോഗത്തിലുണ്ടായിരുന്നതിനാൽ ഞാൻ അയാളുടെ അടുക്കൽചെന്ന് കഴുത്തിൽകെട്ടിപ്പിടിച്ചു നിലവിളിച്ചുകൊണ്ട് കർത്താവു എന്റെ പാപം ക്ഷമിച്ചു നിങ്ങളും ക്ഷമിക്കണമെന്നു പറഞ്ഞു. ഉടൻ നടത്തിയ പിൻയോഗത്തിൽനിന്ന് ആശ്വാസത്തിനും സ്ഥിരതയ്ക്കും വേണ്ടിയ വേദവചനങ്ങൾ എനിക്കു കിട്ടി. എനിക്കു ലഭിച്ച വചനങ്ങളാവിത്:

"ഞാൻ നിന്നെ വീണ്ടെടുത്തിരിക
ന്നു; നീ എനിക്കുള്ളവൻ തന്നെ. [യെ
ശ. ൪൩: ൧ ] "നിന്റെ അതിക്രമങ്ങ
ളെ മായിച്ചുകളയുന്നു, നിന്റെ പാ
ങ്ങളെ ഞാൻ ഓർക്കയുമില്ല." [യെശ
൪൩:൨൫] "മകനേ, നിന്റെ പാ
ങ്ങൾ മോചിച്ചുതന്നിരിക്കുന്നു." [മ
ർക്കൊ. ൨: ൫; ൧ യോഹ. ൨: ൧
"മരണത്തിൽനിന്നു ജീവങ്കലേക്കു ക
ടന്നിരിക്കുന്നു." [യോഹ. ൫:൨൪] "ഞ
ൻ അവയ്ക്കു നിത്യജീവൻ കൊടുക്ക
ന്നു; അവ ഒരുനാളും നശിച്ചുപോക
യില്ല" (യോഹ. ൧൦:൨൮) "നീ അവ
നെ പൂർണ്ണസമാധാനത്തോടെ കാക്ക
ന്നു." [യെശ. ൨൬:൩] "ഞാൻ അതി
നെ സൂക്ഷിക്കും; ക്ഷണംപ്രതി ഞാൻ
അതിനെ നനയ്ക്കും" [യെശ. ൨൭:൩]
"നിങ്ങൾ നരയ്ക്കുവോളം ഞാൻ നിങ്ങ
ളെ ചുമക്കും." [യെശ. ൪൬:൪] "അവ
ന്റെ ഇടങ്കൈ എന്റെ തലയിൻകീ
ഴെ ഇരിക്കട്ടെ; അവന്റെ വലങ്കൈ
എന്നെ ആശ്ലേഷിക്കട്ടെ." ഉത്ത. ൨:൬

ഇതിന്റെ ശേഷം മാരാമണ്ണു മണ
പ്പുറത്തുവെച്ചു നടന്ന ആത്മീയമഹായോ
ഗത്തിൽ ഞാനും എന്റെ ഭാര്യയു
ം സംബന്ധിച്ചിരുന്നു. ആ മീറ്റിംഗിൽ
വെച്ചാണ് എന്റെ ഭാര്യ രക്ഷിക്ക
പ്പെട്ടത്. മഹായോഗം കഴിഞ്ഞു വീ
ട്ടിൽ വന്നശേഷം വീട്ടിലുള്ള എല്ലാവ
രേയും വിളിച്ച് എന്റെ അനുഭവങ്ങ
ളെപ്പറ്റി പറഞ്ഞു. അതു കേട്ടപ്പോൾ
എന്റെ സഹോദരന്മാർ കഴുത്തിൽ
കെട്ടിപ്പിടിച്ചു നിലവിളിക്കയും പ്രാർത്ഥി
ക്കയും ചെയ്തു. ആ സമയം എന്റെ
അമ്മ എന്നോട് "അവസാനത്തോളം
നിലനിന്നാൽ കൊള്ളാം" എന്നു പ
റഞ്ഞ വാക്ക് ഇന്നും ഞാൻ കണ്ണുനീ
രോടുകൂടി ഓർക്കുന്നു. നരയ്ക്കുവോളം ച

...ക്കാം എന്നു വാഗ്ദത്തം ചെയ്തിട്ടു
...ള കർത്താവു പറയാവതല്ലാത്ത കരു
...ണയാൽ ഈ കഴിഞ്ഞ ൯ വർ കൊല്ല
...ളോളം പാലിച്ചുപോന്ന തന്റെ
...ൽഭുതമാന്ന നടത്തിപ്പിനു വേണ്ടി
...ന്നിക്കു സ്തുതി.

...൩. കഴിഞ്ഞ ജീവിതവും അതിൽ
...നിന്നുള്ള വിടുതലും. ഇങ്ങിനെയിരിക്കെ
...ഉവിടെയും കർത്താവിന്റെ ഒരു സാ
...ക്ഷിയായിത്തീരണമെന്നു എനിക്കു നി
...ർബന്ധമുണ്ടായതിനാൽ വെളിപ്രസം
...ഗം നടത്തുന്നതിനും മററും പോയിത്തുട
...ങ്ങി. എന്റെ സാക്ഷ്യം അനേക സ്ഥ
...ലത്തും അറിയിച്ചുപോന്നു. ആദ്യോവ
...സ്ഥലം സ്വദേശം തന്നെ. അവിടെ
...രന്മാരും സ്ത്രീകളുടെ യോഗങ്ങളും
...റവും ഞാൻ നടത്തിവന്നു. ആ സ
...ങ്ങളും വേലയുടെ ഫലമായി ഇ
...രും ചിലർ രക്ഷിക്കപ്പെട്ടവരായി കാ
...ണാറുണ്ടു. ഇതിൽ ഞാൻ ദൈവ
...ത്തെ സ്തുതിക്കുന്നു. പുലയരുടെ ഇടയി
...ൽ നടത്തിയ വേലയും സഫലമായി
...ത്തീന്നു. അവരിൽ ചിലർ ഇന്നും ഞ
...ങ്ങളോടുകൂടി സ്ഥിരവിശ്വാസികളാ
...യി നിൽക്കുന്നു എന്നുള്ളതും സ്മരണീയ
...മാണ്. ഇങ്ങിനെ എന്റെ ആദ്യമസ്സ
...ത്തിൽ നിന്നു കർത്താവിന്റെ മഹ
...ത്വത്തിനായി ചിലതെല്ലാം പ്രവർത്തി
...ച്ചു എങ്കിലും എന്റെ ആഗ്രഹമനുസ
...രിച്ചുള്ള ഒരു ജീവിതം ചെയ്‌വാൻ പ...
...ലപ്പോഴും എനിക്കു കഴിയാതെപോ
...യി. ചിലപ്പോൾ ഞാൻ എന്റെ ജോ
...ലിക്കാരോടു കോപിക്കും. പിന്നീടു ഞാ
...ൻ ദുഃഖിക്കും. അനന്തരം ഇനി അങ്ങി
...നെ വരികയില്ലെന്നു ദൈവത്തോടു
...ഏററുപറഞ്ഞു കുറെ ദിവസത്തേക്കു
...സന്തോഷമനുഭവിക്കും. ചില പരീക്ഷ
...യിൽ ജയവും ചിലതിൽ തോൽവിയും
ഉണ്ടായി. ഒരുദിവസം എന്റെ വേല
ക്കാരൻ ജോലിസ്ഥലത്തു വരുവാൻ താ
മസിക്കയാൽ അവനെ അടിക്കുന്നതി
നു ഇടയായി. ഇതിനാൽ എന്റെ മനഃ
സ്വസ്ഥത പൊയ്പോയി. ഞാൻ ദൈ
വത്തോടു നിലവിളിച്ചു. ആ രാത്രി എ
നിക്കു ഉറങ്ങുവാൻ കഴിഞ്ഞില്ല. ഞാ
ൻ കട്ടിലിൽ കിടന്നുരുണ്ടു. വീട്ടിലുള്ള
എല്ലാവരും ഉറങ്ങിയെങ്കിലും ഞാൻ
എഴുന്നേററു മഴയുണ്ടായിരുന്ന ആ രാ
ത്രിയിൽതന്നെ ആരുമറിയാതെ എ
ന്റെ വേലക്കാരന്റെ അടുക്കൽ ചെ
ന്നു അവനോടു മാപ്പപേക്ഷിച്ചു. ഇതു മു
ൻപു കണ്ടിട്ടില്ലാത്ത ഒരു കാര്യമാകയാൽ
അവൻ അത്ഭുതപ്പെട്ടു. പിന്നെ ഞാ
ൻ അക്കാര്യത്തെപ്പററി ദൈവത്തോടു
അപേക്ഷിച്ചു മോചനം വാങ്ങി. പി
ന്നീടത്രെ എനിക്കു സമാധാനം വന്ന
തു. ഞാൻ എന്നുള്ള അധമസ്വഭാവം എ
ന്നിൽ പ്രബലപ്പെട്ടിരുന്നതിനാൽ ഞാ
ൻ ചിലപ്പോൾ ഒരു മലമുകളിൽ സ
ന്തോഷിക്കുന്നവനും ചിലപ്പോൾ താ
ഴ്‌വരയിൽ കണ്ണുനീരൊഴുക്കുന്നവനുമാ
യിരുന്നു. ഈ അസ്ഥിരപ്രകൃതിയിൽ
നിന്നു വിടുവിക്കപ്പെടുന്നതിനു ഞാൻ
പല തീരുമാനങ്ങൾ ചെയ്തു. ആ തീരു
മാനങ്ങൾ തീയതിവെച്ചു എഴുതിസൂ
ക്ഷിക്കാറുണ്ടായിരുന്നു. പലവിധത്തിൽ
നോക്കിയിട്ടും പാപത്തിന്റെ ശക്തി
യിൽനിന്നു വിടുതൽ കിട്ടുവാൻ കഴി
ഞ്ഞില്ല. "ഹാ! അരിഷ്ടമനുഷ്യൻ ഞാൻ!
ഈ മരണശരീരത്തിൽനിന്നു എന്നെ
ആർ വിടുവിക്കും!!" എന്നു ഞാൻ നി
ലവിളികൂട്ടി. രക്ഷ ലഭിപ്പാൻ ഞാൻ
ചെയ്ത ശ്രമങ്ങൾ വിഫലീഭവിച്ചതു
പോലെ പാപത്തിന്റെ ശക്തിയിൽ
നിന്നു വിടുവിപ്പാൻ ചെയ്ത ശ്രമങ്ങളും
വിഫലമായിത്തീന്നു. ഈ സമയത്താ
കുന്നു റോമലേഖനം ൭-ാം അദ്ധ്യായം മ

നസ്സിലാക്കുവാൻ എനിക്കു സംഗതിയായത്. ഈ അദ്ധ്യായത്തെ ഒരു വാക്യത്തിലിനോടു സദൃശപ്പെടുത്താം. ഇതിനോടുകൂടി എട്ടാമദ്ധ്യായമാകുന്ന സ്വാതന്ത്ര്യജീവനിൽ പ്രവേശിക്കേണ്ടതാകുന്നു. എന്റെ അനുഭവം ഇതുവിധത്തിലിരിക്കുമ്പോഴത്രേ ഗാലൽസ്യാസ്സ് ത്രിവിതാക്കുറിൽ വരികയും ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെടുക, ജഡത്തെ ശ്യന്നെ മരിപ്പിക്കുക മുതലായ വിഷയങ്ങളെപ്പറ്റി പ്രസംഗിക്കയും ചെയ്തത്. അനന്തരം ഉപദേശങ്ങളിൽ വിശ്വാസമുള്ളവനും, ധീരനും, വേദവിജ്ഞാനിയും, വാർദ്ധക്യത്തിലും നിരന്തരം ആത്മികഫലങ്ങൾ കായ്ച്ചുകൊണ്ടിരുന്നവനുമായ ജെ. ജി. ഗ്രഗ്സൻ സായ്പ് അവർകൾ മാർത്തോമ്മാസഭയുടെ ക്ഷണമനുസരിച്ച് ഈ നാട്ടിൽ വന്നു വേല ആരംഭിച്ചു. അദ്ദേഹം പട്ടക്കാർക്കും ഉപദേശിമാർക്കുമായി ആയിരുത്തിവച്ചു നടത്തിയ യോഗങ്ങളിൽ ഞാനും സംബന്ധിച്ചിരുന്നു. റോമാലേഖനവും, കൊലൊസ്യലേഖനവും ആ യോഗങ്ങളിൽ അദ്ദേഹം പഠിപ്പിച്ചു. പുനരുത്ഥാനജീവൻ പ്രാപിക്കുന്നവിധം, പാപശക്തിയിൽനിന്നും വിടുതൽ കിട്ടുന്നതിനുള്ള വഴി, മുതലായ വിഷയങ്ങൾ അദ്ദേഹത്തിൽനിന്ന് ഉപദേശരൂപേണ ഞാനും ഗ്രഹിച്ചു. തൽഫലമായി കഴിഞ്ഞ ജീവിതത്തിൽനിന്നു വിടുതൽ കിട്ടി. ഈ അനുഭവത്തിലേക്ക് എന്നെ നടത്തിയ വാക്യങ്ങൾ താഴെചേർക്കുന്നു.

പാപത്തിന്റെയും മരണത്തിന്റേയും പ്രമാണത്തിൽ നിന്നു സ്വാതന്ത്ര്യം വരുത്തി ന്യായപ്രമാണത്തിനു കഴിയാത്തതിനെ സാധിപ്പിച്ചു. [റോമ. ൮: ൩] "പഴയ മനുഷ്യൻ അവനോടുകൂടി ക്രൂശിക്കപ്പെട്ടു. (റോമ. ൬:൬) "ഞാൻ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു." [ഗലാ. ൨: ൨൦] "ക്രിസ്തുവിന്റെ പരിച്ഛേദനയാൽ ജഡശരീരം ഉരിഞ്ഞുകളഞ്ഞതിനാൽ തന്നെ കൈകൊണ്ടല്ലാത്ത പരിച്ഛേദനയും ലഭിച്ചു" [കൊലൊ. ൨: ൧൧] "നാം ക്രിസ്തുവിനോടുകൂടി മരിച്ചു" [റോമ. ൬:൮] "അവനോടുകൂടെ കുഴിച്ചിടപ്പെട്ടു." [റോമ. ൬:൪] "അവനോടുകൂടി ഉയിർത്തെഴുന്നേല്പിച്ചു" (എഫേ. ൨:൬) എല്ലാററിനും മേലായി ക്രിസ്തുവിന്റെ ഉയിർപ്പിൻ ജീവപ്രമാണം കൊണ്ടത്രേ ഇതെല്ലാം സാദ്ധ്യമായിത്തീരുന്നത് [റോമ. ൮:൨] പിന്നീട്ടും ശേഷിക്കുന്ന പരീക്ഷകളെപ്പം വരികയില്ലയോ എന്നുള്ള ചോദ്യത്തിന് ഉത്തരം ഇപ്രകാരമാണ്: അവയവങ്ങളെ മരിപ്പിച്ചുകൊണ്ടിരിക്കണം. (കൊലൊ. ൩:൫) മരിച്ചു എന്ന് എണ്ണിക്കൊണ്ടിരിക്കണം: [റോമ. ൬:൧൧] കൃപയ്ക്കു അധീനരാകയാൽ പാപം കർത്തൃത്വം നടത്തുകയില്ല. (റോമ. ൬:൧൪) അവന്റെ ജയത്തെ നാം അവകാശമാക്കിക്കൊള്ളണം. കർത്താവായ യേശുക്രിസ്തു മുഖാന്തരം ജയത്തെ നൽകുന്ന ദൈവത്തിനു സ്തോത്രം. ൧ കൊരി. ൧൫: ൫൭. ഈ വചനങ്ങളെല്ലാം സ്വാതന്ത്ര്യജീവിതത്തിനു ഉപയോഗപ്പെട്ട ആശ്വാസവചനങ്ങളായിരുന്നു.

(തുടരും)

# ധ്യാനമഞ്ജരി

## പുറപ്പാട്ടുപുസ്തകം

## [C. H. M.]

### അദ്ധ്യായം ൨:൧—൧൦

പുറപ്പാട്ടു പുസ്തകത്തിൻെറ ഈ ഭാഗത്തു ദൈവിക സത്യത്തിൻെറ എത്രയും ഫലനാട്ടമറിയ തത്വങ്ങൾ അടങ്ങിയിരിക്കുന്നു. പ്രസ്തുത തത്വങ്ങളെ മൂന്നിനമായി തിരിക്കാം. I. സാത്താൻെറ ശക്തി. II. ദൈവത്തിൻെറ ശക്തി. III. വിശ്വാസത്തിൻെറ ശക്തി.

കഴിഞ്ഞ അദ്ധ്യായത്തിലെ അവസാന വാക്യത്തിൽ ഫറവോൻ തൻെറ സകല ജനത്തോടും ജനിക്കുന്ന ഏതു ആൺകുട്ടിയേയും, നദിയിൽ ഇട്ടു കളയണമെന്നും ഏതു പെൺകുട്ടിയേയും ജീവനോടു രക്ഷിക്കണമെന്നും കല്പിച്ചു എന്നു നാം വായിക്കുന്നു. ഇതു സാത്താൻെറ ശക്തിയായിരുന്നു. നദി മരണത്താൽ ശത്രു ദൈവത്തിൻെറ ഉദ്ദേശത്തെ നിഷ്ഫലമാക്കുവാൻ അന്വേഷിച്ചു. ഇന്നവരെയും ഇങ്ങിനെ തന്നെ. സർവ്വ സർപ്പം തൻെറ ശത്രുതയുള്ള കണ്ണുകൊണ്ടു ദൈവത്തിൻെറ കരുണാപൂർണ്ണമായ ഉദ്ദേശങ്ങളുടെ സിദ്ധിക്കായി ദൈവം ഉപയോഗിപ്പാനുള്ള ഉപകരണങ്ങളെ സൂക്ഷിച്ചുകൊണ്ടിരുന്നു. ഉല്പത്തി ൪-ൽ പറയുന്ന ഹാബേലിൻെറ സംഗതി നോക്കുക. ഇതു ദൈവത്തിൻെറ ഉപകരണത്തെ സർപ്പം സൂക്ഷിച്ചു നോക്കിക്കൊണ്ടിരിക്കുന്നു എന്നും മരണത്താൽ അതിനെ നീക്കിക്കളവാനന്വേഷിക്കുന്നു എന്നും അല്ലാതെ മറെറന്താണ്? ഉല്പത്തി ൩൭-ൽ പ്രതിപാദിച്ചിട്ടുള്ള യോസേഫിൻെറ സംഗതി നോക്കുക. ദൈവോദ്ദേശത്തിൽപെട്ട മനുഷ്യനെ മണക്കുഴിയിലിട്ടുകളവാൻ ശത്രു അന്വേഷിക്കുന്നതായി അവിടെ കാണുന്നു. ൨ ദിന. ൨൨-ൽ കാണുന്ന രാജസന്താനം; മത്താ. ൨-ൽ കാണുന്ന ഹെരോദാവിൻെറ ദുരാലോചന; മത്താ. ൨൭-ൽ കാണുന്ന ക്രിസ്തുവിൻെറ മരണം എന്നിവ നോക്കുക. ഇക്കാലങ്ങളിലെല്ലാം മരണംകൊണ്ടു ദൈവപ്രവൃത്തിയുടെ പ്രവാഹത്തെ പ്രതിബന്ധിക്കുവാൻ ശത്രു ഉദ്യമിക്കുന്നതായി ഞങ്ങൾ കാണുന്നു.

എന്നാൽ ദൈവം വാഴ്ത്തപ്പെട്ടെ. മരണത്തിനപ്പുറത്തു നിശ്ചയമായ എന്തോ ഒന്നുണ്ട്. വീണ്ടെടുപ്പു സംബന്ധിച്ചു നോക്കുന്നതായാൽ ദൈവപ്രവൃത്തിയുടെ മുഴുവനും മരണത്തിൻെറ വാഴ്ചയുടെ അതിരുകൾക്കപ്പുറത്തു കിടക്കുന്നു. സാത്താൻ സാത്താന്യശക്തി മുഴുവൻ ചിലവാക്കിയശേഷമാത്രേ ദൈവം തൻെറ വെളിപ്പെടുത്തുവാനാരംഭിച്ചതു്. കല്ലറ എന്നല്ലോ സാത്താൻെറ പ്രവൃത്തിയുടെ [സാത്താന്യവലകളുടെ] പരമാവധിയാകുന്നു. എന്നാൽ അവിടെയത്രേ ദൈവോദ്യമം ആരംഭിക്കുന്നതു്. ഇതു മഹിമയേറിയ ഒരു സത്യമാകുന്നു. സാത്താൻ മരണത്തിൻെറ മേലാണ് അധികാരം. എന്നാൽ ദൈവമോ ജീവനുള്ളവരുടെ ദൈവമാകുന്നു. അവൻ മരണത്തിൻെറ ഏത്തുപാടിനും ശക്തിക്കും അപ്പുറത്തു ജീവനരുളുന്നു. ഈ ജീവനെ തൊടുവാൻ സാത്താനു കഴികയില്ല. മരണം വഴുന്ന സ്ഥലത്തു ഹൃദയം ഈ മാതിര

സത്യത്തിലത്രെ മഹാത്ഭുതം കണ്ടെത്തുന്നത്. സാത്താൻ തന്റെ ശക്തിയുടെ പൂർണ്ണതയെ സമൃദ്ധിയായി ചൊരിയുന്നത് ഒരിടത്തുനിന്നുകൊണ്ടു നോക്കിക്കാണുവാൻ വിശ്വാസത്തിന കഴിയും. പുനരുത്ഥാനത്തിന്റെ ശക്തിയേറിയ ദൈവോപകരണത്തിന്മേൽ വിശ്വാസത്തിന സ്വയം സ്ഥിതിചെയ്‌വാൻ കഴിയും. അതിന് ഒരു പ്രേമഭാജനത്തെ മൂടികഴിഞ്ഞ കല്ലറയുടെ മുകളിൽനിന്നുകൊണ്ട്, പുനരുത്ഥാനവും ജീവനുമാകുന്നവന്റെ അധരങ്ങളിൽനിന്നു മഹിമയുള്ള അമർത്യതയുടെ ഉൽഘോഷികരിക്കുന്ന [ലഥിപ്പെട്ടതുന്നു] നിശ്ചയത്തെ വലിച്ചു കേൾപ്പാൻ കഴിയും. ദൈവം സാത്താനേക്കാൾ ബലമുള്ളവനാണെന്നു വിശ്വാസം അറിയുന്നു. അതുകൊണ്ട് വിശ്വാസത്തിന് ഉന്നതശക്തിയുടെ പൂർണ്ണപ്രദർശനത്തിനായി ശാന്തതയോടു കാത്തിരിക്കുന്നതിനും ഈദൃശമായ കാത്തിരിപ്പുകൊണ്ടു ജയവും, സ്ഥിരസമാധാനവും കണ്ടെത്തുന്നതിനും കഴിയും. നമ്മുടെ അദ്ധ്യായത്തിന്റെ ഉപക്രമവാക്യങ്ങൾ ഈ വിശ്വാസശക്തിയുടെ ഒരു ഉൽകൃഷ്ടദൃഷ്ടാന്തമാകുന്നു.

"എന്നാൽ ലേവികുടുംബത്തിലെ ഒരു പുരുഷൻ പോയി ഒരു ലേവ്യകന്യകയെ പരിഗ്രഹിച്ചു. അവൾ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു. അവൻ സൌന്ദര്യമുള്ളവൻ എന്നു കണ്ടിട്ടു അവനെ ഒളിച്ചുവെച്ചു. അവനെ പിന്നെ ഒളിച്ചുവെപ്പാൻ കഴിയാതെയപ്പോൾ അവൾ ഒരു ഞാങ്ങണപ്പെട്ടകം വാങ്ങി; അതിന പശയും കീലും തേച്ച് പൈതലിനെ അതിൽകിടത്തി നദിയുടെ അരികിൽ ഞാങ്ങണയുടെ ഇടയിൽ വെച്ചു. "അവന എന്തു ഭവിക്കുമെന്നു അറിവാൻ അവന്റെ പെങ്ങൾ ദൂരത്തുനിന്നു." (പു:൧-൧

നാം ഏതുതരത്തിൽ ചിന്തിക്കുന്നവരായാലും അതിസംക്കരമായ ഒരു രംഗം നമുക്ക് ഇവിടെയുണ്ട്. യഥാർത്ഥത്തിൽ പ്രകൃതിശക്തിയെല്ലാം മരണത്തിൻമേലും ശക്തി ജയം കൊള്ളുകയാ പുനരുത്ഥാനത്തിൽ ദൈവത്തിന തന്റെ സ്വന്ത മണ്ഡലത്തിലും; സ്വഭാവത്തിലും പ്രവർത്തിപ്പാൻ ഇടനൽകുകകയും ചെയ്യുന്നതു വിശ്വാസം മാത്രമാകുന്നു. കുഞ്ഞിനെ ഏവംവിധത്തിൽ അനാഥയായ്, തത്വത്തിൽ മരണാവസ്ഥയിൽ തന്നെ ഇട്ടുകളവാൻ ഇടയായ പരിതഃസ്ഥിതിയിൽ ശത്രുവിന്റെ ശക്തി യഥാർത്ഥത്തിൽ പ്രത്യക്ഷമാന്നെ. മാത്രമല്ല, വിലയേറിയ തന്റെ സന്താനം ഈദൃശം മരണത്തിലേക്കു തള്ളിക്കളയപ്പെട്ടതു മാതാവിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടന്നുപോകയുമായിരുന്നു. സാത്താൻ നിർബ്ബാധം പ്രവർത്തിപ്പാനും തൽഫലമായി പ്രളതിക്ക വിലപിപ്പാനും കഴിഞ്ഞു. എന്നാൽ മരിച്ചവനെ ഉയിർപ്പിക്കുന്നവൻ ആ ഇരുണ്ട മേഘത്തിന്റെ പിന്നിൽ ഉണ്ടായിരുന്നു. അവൻ തന്റെ പ്രകാശപൂർവ്വം ജീവദായകവുമായ രശ്മികളാൽ ആ മേഘത്തിന്റെ സ്വർഗ്ഗീയവശത്തിന തങ്കവർണ്ണം പൂശികൊണ്ട് അവിടെ നിലകൊള്ളുന്നതിനെ വിശ്വാസം നിരീക്ഷണംചെയ്തു. വിശ്വാസത്താൽ മോശെയുടെ ജനനത്തിങ്കൽ ശിശു സുന്ദരനെന്ന് അമ്മയപ്പന്മാർ കണ്ടു, രാജാവിന്റെ കല്പനയെ പേടിക്കാതെ അവനെ മൂന്നുമാസം ഒളിച്ചുവെച്ചു. എബ്രാ ൧൧:൨൩.

ലേവിയുടെ ഈ മാന്യപത്നി ഇപ്രകാരം ഒരു വിശുദ്ധമായ പാഠം നമ്മെ പഠിപ്പിക്കുന്നു. പശയും കീലും

തെച്ചു അവളുടെ ഞൊണ്ണെപ്പെട്ടി, നീതിയുടെ പ്രസംഗിയായ നോഹയുടെ സംഗതിയിൽ എന്നപോലെ ഈ സുന്ദര ശിശുവിന്റെ കാൎയ്യത്തിലും മരണത്തെ തടുത്തുനിൎത്തുവാൻ കഴിയുന്ന ഒന്നാണെന്നുള്ള സത്യത്തിൽ അവൎക്കുണ്ടായിരുന്ന വിശ്വാസത്തെ പ്രഘോഷിക്കുന്നു. ഈ പെട്ടകം വെറും പ്രകൃതിയുടെ ഒരു കണ്ടുപിടുത്തമാണെന്നു ക്ഷണനേരത്തേക്കെങ്കിലും വിചാരിക്കാമോ? പ്രകൃതിയുടെ മുൻകരുതലായിരുന്നുവോ അതിനെ ആലോചിച്ചുണ്ടാക്കിയതു്? അതിനെ നിൎമ്മിച്ചതു് പ്രകൃതിയുടെ കല്പനാശക്തിയായിരുന്നുവോ? തന്റെ നിക്ഷേപത്തെ മരണത്തിന്റെ നിൎദ്ദയമായ കൈയിൽ നിന്നു രക്ഷിക്കാമെന്നുള്ള ആശയാൽ അല്ലാതെ മാതൃഹൃദയത്തിൽ സ്വാഭാവികമായി ഉണ്ടാകുന്ന വാത്സല്യത്തിന്റെ പ്രേരണയാലാണോ കുട്ടി, പെട്ടിയിൽ വയ്ക്കപ്പെട്ടതു്? മേൽ പറഞ്ഞ ചോദ്യങ്ങൾക്കു നാം അനുകൂലമാംവിധം മറുപടി പറയുന്നപക്ഷം ഈ പ്രദേശം മുഴുവന്റെയും മനോഹരമായ ഉപദേശം നാം നഷ്ടപ്പെടുത്തുമെന്നാണ് എന്റെ അഭിപ്രായം. മുങ്ങിച്ചാവുകയല്ലാതെ കുട്ടിക്കു വേറെന്തെങ്കിലും വിപത്തു ഉണ്ടാകുമെന്നു് കാണാത്ത ഒരാളാണു് പെട്ടിയുടെ ആവശ്യം നിൎദ്ദേശിച്ചതെന്നു് എപ്പോഴെങ്കിലും ഊഹിക്കാമോ? തീരെ അസാദ്ധ്യം. ആ അത്ഭുതമായ ശില്പത്തെ പുനരുത്ഥാപകനായ ദൈവത്തിന്റെ മുതൽ പിടിയിൽ പണയത്തിനുവേണ്ടിയുള്ള വിശ്വാസത്തിന്റെ അപേക്ഷാപത്രമായി മാത്രം നമുക്കു കാണ്മാൻ കഴിയും. അതു ഒരു "മനോഹരശിശു"വിനെ ഒക്കണോപാത്രം എന്ന മുറസ്സു് മരണത്തിന്റെ ഇരുണ്ട വെള്ളങ്ങളുടെ മീതെ ക്കുട്ടി ജീവനുള്ള ദൈവത്തിന്റെ അടുത്തുനിന്നയതാൽ അവനാൽനിശ്ചയിക്കപ്പെട്ട സ്ഥലത്തേക്കു കൊണ്ടുപോകുവാൻ വിശ്വാസത്തിന്റെ കൈയാൽ രചിതമായിരുന്നു. ലേവിയുടെ ഈ പുത്രി വിശ്വാസത്താൽ നിൎമ്മിച്ചിട്ടുള്ള "ഞൊണ്ണെപ്പെട്ടി"യുടെ മീതെ കുനിഞ്ഞു് അവളുടെ ശിശുവിനെ അതിന്റെ ഉള്ളിൽ വയ്ക്കുന്നതു് നാം കാണുമ്പോൾ തന്റെ "മരിച്ചവളുടെ അടുക്കൽനിന്നെഴുന്നേററു" ഹേത്തിന്റെ പുത്രന്മാരിൽനിന്നു് മക്പേലാഗുഹയെ വിലയ്ക്കുവാങ്ങിച്ച (ഉല്പ. ൨൩) പിതാവായ "അബ്രഹാമിനുണ്ടായിരുന്ന വിശ്വാസത്തിന്റെ ചുവടുകളിൽ അവൾ നടക്കുന്ന"തായി നാം കാണുന്നു. ഭയങ്കരങ്ങളുടെ രാജാവിന്റെ അദയാമയമായ കൈകളിൽ വീഴുമാറായിരിക്കുന്നതും തന്റെ ഇഷ്ടസാധനത്തിന്റെമീതെ തൂങ്ങുന്നതുമായ വെറും പ്രകൃതിയുടെ ഉണർച്ചയല്ലോ അവളിൽ ഉള്ളതായി നാം അറിയുന്നതു്. നേരെമറിച്ചു മരണത്തിന്റെ ശീതപ്രളയത്തിന്റെ വിളുമ്പിൽ ഒരു വിജയിയെപ്പോലെ നിന്നുകൊണ്ടു മറുകരയിൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ദാസൻ നിത്യാപദ്രവം സ്ഥാപിതം ചെയ്യുന്നതിനെ കാണ്മാൻ അവളെ പ്രാപ്തപ്പെടുത്തുന്ന വിശ്വാസചൈതന്യമത്രേ.

അതെ, എന്റെ വായനക്കാരാ, മരണവും വിശാലമായ നാശവും സ്ഥിതിചെയ്യുന്ന ഈ നാട്ടിൽനിന്നു ദൂരതരങ്ങളായ രാജ്യങ്ങളിലേക്കുള്ള ധീരവും ഉൽകൃഷ്ടവുമായ പലായനങ്ങൾ ചെയ്വാൻ വിശ്വാസത്തിനു കഴിയും. കല്ലറയെ പൊതിഞ്ഞുകിടക്കുന്ന മങ്ങൽ മേഘങ്ങളുടെ ഇടയിൽകൂടി തുളച്ചുകടന്നു മനോനേത്രത്തിനു എത്തുവാൻ കഴിയാത്ത ഒരു ഗോളത്തിന്റെ മദ്ധ്യത്തിൽ തന്റെ നിത്യാലോചനകളുടെ ഫലങ്ങ

ളെ വിടർത്തുകാണിച്ചുകൊണ്ടു് പുനരു
ത്ഥാനത്തിന്റെ ദൈവം സ്ഥിതിചെ
യ്യുന്നതിനെ കാണ്മാൻ കഴുകന്റെ ക
ണ്ണുപോലെ സൂക്ഷ്മതയുള്ള വിശ്വാസ
ക്കണ്ണിനു കഴിയും. യുഗങ്ങളുടെ പാറ
മേൽ നിന്നുകൊണ്ടു വിസ്തൃതമായ ജ
യഘോഷത്തോടുകൂടി മരണച്ചുമട്ടുക
ൾ അതിന്റെ മുട്ടിൽ അടിക്കുന്നതു
കേൾക്കുവാൻ കഴിയും.

ഈ സ്വർഗ്ഗീയമായ പ്രമാണത്തി
ന്റെ അധീനതയിലുള്ള ക്രിസ്തീയ രാജാ
വിന്റെ കല്പനകൾ എന്തായിരുന്നു?
തന്റെ ഞാങ്ങണപ്പെട്ടിയുടെ അരികെ
ശാന്തമായി നിന്നുകൊണ്ടു് മരണത്തെ
അഭിമുഖീകരിക്കുവാൻ കഴിയുന്ന ഒരാ
ൾക്കു ആ കല്പന എത്രമാത്രം ഖേദ
മുള്ളതായിരുന്നു! അതിനു മറുപടിയാ
യി 'എബ്രായക്കാരോടു പറയുന്നതു്': അ
വർ രാജകല്പനയെ ഭയപ്പെട്ടില്ലെന്ന
ത്രേ. മരിച്ചവരെ ജീവിപ്പിക്കുന്നവനോ
ടുള്ള സംസർഗ്ഗത്തിന്റെ ബലമേറെ
റിയുന്ന ഒരാത്മാവു യാതൊന്നും ഭയ
പ്പെടുകയില്ല.

അങ്ങിനെ ഉള്ളവനു് ഏകോരി. ഏത
ലെ ജയഘോഷംകൊള്ളുന്ന രീതിയി
ൽ "ഹേ! മരണമേ, നിന്റെ ജയമെ
വിടെ? ഹേ! മരണമേ, നിന്റെ വിഷ
മുള്ളു എവിടെ? മരണത്തിന്റെ വി
ഷമുള്ളു പാപം; പാപത്തിന്റെ ശ
ക്തിയോ ന്യായപ്രമാണം; നമ്മുടെ ക
ർത്താവായ യേശുക്രിസ്തുമുഖാന്തരം ജയം
നൽകുന്ന ദൈവത്തിന്നു സ്തോത്രം," എ
ന്നു പറവാൻ കഴിയും. അവനു രക്ത
സാക്ഷിയായി മരിച്ച ഹാബേൽ, കുഴി
യിൽ കിടക്കുന്ന യോസേഫ്, ഞാങ്ങണ
പ്പെട്ടിയിൽ കിടക്കുന്ന മോശെ എന്നി
വരെ സംബന്ധിച്ചും അഥല്യയാൽ രാ
ജസന്തതി കൊല്ലപ്പെടുന്നതും ക്രൂരനാ
യ ഹേരോദാവിനാൽ ബേത്‌ലഹെമിലെ
ശിശുക്കൾ വധിക്കപ്പെടുന്നതുമായ സംഭവ
ങ്ങളിലും എല്ലാറ്റിനും മേലായി നമ്മു
ടെ രക്ഷാനായകന്റെ കല്ലറയുടെ മു
ന്നിലും ഈ ജയഘോഷത്തിന്റെ വാ
ക്കുകൾ ഉച്ചരിപ്പാൻ കഴിയും.

എന്നാൽ ഞാങ്ങണപ്പെട്ടിയുടെ
സംഗതിയിൽ വിശ്വാസത്തിന്റെ വ്യാ
പാരം ഒന്നും കാണ്മാൻ കഴിയാത്തവർ
ഉണ്ടായിരിക്കാം. മോശെയുടെ സഹോദ
രിയുടെ അറിവിന്നപ്പുറം പോകുന്നതിനു
കഴിവില്ലാത്ത അനേകരും ഉണ്ടാകാം.
"അവനു എന്തു ഭവിക്കുമെന്നറിവാൻ
അവന്റെ പെങ്ങൾ ദൂരത്തുനിന്നു" എ
ന്നാണല്ലോ പറഞ്ഞിരിക്കുന്നതു്. അവ
ന്റെ അമ്മയ്ക്കുണ്ടായിരുന്ന വിശ്വാസ
ത്തിന്റെ അളവിൽ അവന്റെ പെ
ങ്ങൾ വന്നെത്തിട്ടില്ലെന്നുള്ളതു് ഇതി
നാൽ സ്പഷ്ടമാണു്. കല്ലറയ്ക്കു് എതിരെ
യിരുന്ന മഗ്ദലനമറിയയിലും മറ്റെ
മറിയയിലും നാം കാണുന്നതുപോലെ
ഇങ്ങനെ ഒരു അവ്യക്തമായ ആ
ശയും സത്യമായ ഉത്സാഹവും അ
വർക്കു ഉണ്ടായിരുന്നു എന്നുള്ളതിനു സം
ശയമില്ല. എന്നാൽ പെട്ടകത്തിന്റെ
നിഴലിൽ കാണപ്പെടുന്ന തള്ള
യുടെ സ്നേഹമാകട്ടെ ഇതിനു എത്ര
യോ അപ്പുറമായിരുന്നു. അമ്മ ത
ന്റെ കുട്ടിക്കു് എന്തു ഭവിക്കുമെന്നറി
വാനായി ദൂരത്തു നിന്നില്ല എന്നുള്ളതു്
സത്യം തന്നെ.

ഇതിനാൽ സാധാരണ സംഭവിക്കു
ന്നതു് എന്തെന്നുവെച്ചാൽ വിശ്വാ
സത്തിന്റെ ധൈര്യം നിർവ്വിചാ
രംപോലെ കാണപ്പെടാം എന്നുള്ള
താണു്. എങ്കിലും അതു നിർവ്വിചാര
തയല്ല; പ്രത്യുത, സത്യമായ ഉന്നതി
കരണം അതായതു വിശ്വാസത്തി
ന്റെ ഉന്നതീകരണമത്രേ. സ്വഭാ

നികസ്സേഹം അവളെ കുട്ടിയുടെ മാനം കാണ്മാൻ താമസിക്കുമാറാക്കിയില്ലെങ്കിൽ ആ പുനരുത്ഥാനത്തിൽ ദൈവത്തിന്റെ സന്നിധിയിൽ വിശ്വാസശക്തി, അവൾക്കു ശ്രേഷ്ഠമായ ഒരു അദ്ധ്യാസനം നൽകിയതിനാലാകുന്നു. അവളുടെ വിശ്വാസം ദൈവത്തിനു രംഗസജ്ജീകരണം ചെയ്തു. അവൻ ആ രംഗത്തെ അധിരോഹിച്ചു തേജോമയനായി തന്നെക്കാണിച്ചു.

"അപ്പോൾ ഫറവോന്റെ പുത്രി നദിയിൽ കുളിപ്പാൻവന്നു; അവളുടെ ദാസിമാർ നദീതീരത്തുകൂടി നടന്നു; അവൾ ഞാങ്ങണയുടെ ഇടയിൽ പെട്ടകം കണ്ടപ്പോൾ അതിനെ എടുത്തുകൊണ്ടുവരുവാൻ ദാസിയെ അയച്ചു. അവൾ അതു തുറന്നാറെ പൈതലിനെ കണ്ടു. കുട്ടി ഇതാ കരയുന്നു. അവൾക്കു അതിനോടു അലിവുതോന്നി ഇതു എബ്രായരുടെ പൈതങ്ങളിൽ ഒന്നു എന്നു പറഞ്ഞു." ഇവിടെ വിശ്വാസത്തിന്റെ ചെവിക്കു മറ്റൊന്നുമാംവണ്ണം ദൈവത്തിന്റെ പ്രതിധ്വനി കേട്ടുതുടങ്ങുന്നു. ഇതിലെല്ലാം ദൈവമുണ്ടായിരുന്നു. ഹേതുവാദം, സന്ദേഹമതം, നിർവിശ്വാസം, നാസ്തികം മുതലായവ ഇതു കൗശലമായ ആശയത്തെനോക്കി ചിരിച്ചെന്നുവരാം. അതുപോലെ വിശ്വാസത്തിനും ചിരിപ്പാൻ കഴിയും. എന്നാൽ ചിരി രണ്ടും പരസ്പരം വളരെ വ്യത്യാസപ്പെട്ടവയാണു്. അതിൽ ആദ്യം പറഞ്ഞ ചിരി ഒരു രാജകന്യക നദീതീരത്തുനടന്നതായ ഒരു നിസ്സാരസംഗതിയിൽ ദൈവത്തിന്റെ വ്യാപാരമുണ്ടായിരുന്നു എന്നുള്ള അഭിപ്രായത്തെ നിസ്സാരീകരിച്ചുള്ള നിന്ദയോടുകൂടിയ ചിരിയും, രണ്ടാമത്തേതു് ദൈവം സകലത്തിലുമുണ്ടെന്നുള്ള വിചാരത്തെ തെളിയിച്ചുള്ള ഉല്ലാസത്തോടും ആദരപൂർവ്വവുമായ ചിരിയുമാകുന്നു. നിശ്ചയമായിട്ടും ദൈവം എപ്പോഴെങ്കിലും ഏതിലെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ ഫറവോന്റെ പുത്രി അതിനെ അറിഞ്ഞില്ലെങ്കിലും അവളുടെ ഈ നടപടിയിൽ ദൈവം ഉണ്ടായിരുന്നു. യഹോവയുടെ ഉദ്ദേശത്തെ സാധിപ്പാൻ താൻ സഹായിക്കുന്നു എന്നു അവൾ അശേഷം വിചാരിച്ചിരുന്നില്ല. ഞാങ്ങണപ്പെട്ടിയിൽ കിടന്നുകരയുന്ന ശിശു എജിപ്തുരാജ്യത്തെ അതിന്റെ കേന്ദ്രംവരെ ഇളക്കുന്നതിനുള്ള യഹോവയുടെ ഉപകരണമായിത്തീരുവാൻ പോകുന്നു എന്നുള്ള വിചാരം അവൾക്കു ഇല്ലായിരുന്നു. എങ്കിലും അതു അങ്ങിനെതന്നെ ആയിരുന്നു. യഹോവയ്ക്കു മനുഷ്യന്റെ കോപത്തെ തന്റെ സ്തുതിക്കുള്ള മുഖാന്തരമാക്കിത്തീർക്കുന്നതിനും ശേഷമുള്ള കോപത്തെ അടക്കുന്നതിനും കഴിയും. താഴെ വരുന്ന വാക്യത്തിൽ ഈ സത്യം ഏറ്റവും സ്പഷ്ടമായി തെളിയുന്നു:—"അവന്റെ പെങ്ങൾ ഫറവോന്റെ പുത്രിയോടു; ഈ പൈതലിനു മുലകൊടുക്കേണ്ടതിനു ഒരു എബ്രായസ്ത്രീയെ ഞാൻ ചെന്നു വിളിച്ചുകൊണ്ടുവരേണമോ എന്നു ചോദിച്ചു. ഫറവോന്റെ പുത്രി അവളോടു: ചെന്നു കൊണ്ടുവരിക എന്നു പറഞ്ഞു. കന്യക ചെന്നു പൈതലിന്റെ അമ്മയെ വിളിച്ചുകൊണ്ടുവന്നു. ഫറവോന്റെപുത്രി അവളോടു: നീ പൈതലിനെ കൊണ്ടുപോയി മുലകൊടുത്തു വളർത്തേണം. ഞാൻ നിനക്കു ശമ്പളം തരാം. എന്നു പറഞ്ഞു. സ്ത്രീ പൈതലിനെ എടുത്തുകൊണ്ടുപോയി മുലകൊടുത്തുവളർത്തി. പൈതൽ വളർന്നു

ശേഷം അവൾ അവനെ ഫറവോന്റെ പുത്രിയുടെ അടുക്കൽ കൊണ്ടുപോയി, അവൻ അവൾക്കു മകനായി ഞാൻ അവനെ വെള്ളത്തിൽനിന്നു വലിച്ചെടുത്തു എന്നു പറഞ്ഞു അവൾ അവനു മോശെ എന്നു പേരിട്ടു." (അദ്ധ്യാ. വാ: ൧—൧൦) ഇവിടെ മോശയുടെ മാതാവിന്റെ മനോഹരവിശ്വാസം അതിന്റെ പൂർണ്ണപ്രതിഫലത്തെ എത്തിച്ചേർക്കുന്നു. സാത്താൻ കഴിഞ്ഞു ദൈവത്തിന്റെ അത്ഭുതകരമായ ജ്ഞാനം വിടത്തുകാണിക്കപ്പെട്ടു. "കുട്ടി ആണാകുന്നു എങ്കിൽ നിങ്ങൾ അതിനെ കൊല്ലണം" എന്നും "ജനിക്കുന്ന ഏതു ആൺകുട്ടിയെയും നദിയിൽ ഇട്ടുകളയണം" എന്നും കല്പിച്ച രാജാവിന്റെ അവന്റെ കൊട്ടാരത്തിൽ മേൽപ്പട്ടി ആൺകുട്ടികളിൽ ദൈവൻ ഉണ്ടായിരിക്കുമെന്നും അതു ഇങ്ങിനെയുള്ള ഒരു പുത്രനായിരിക്കുമെന്നും ആർ വിചാരിച്ചു? സാത്താൻ സ്വന്തആയുധത്താൽ തന്നെ തോല്പിക്കപ്പെട്ടു. എങ്ങിനെയെന്നാൽ ദൈവോദ്ദേശങ്ങളെ വിഫലീകരിക്കുന്നതിന് സാത്താൻ ഉപയോഗിച്ചുകൊണ്ടിരുന്ന ഫറവോൻ സാത്താന്യശക്തിയെ കഴുക്കുന്നതിനു ദൈവകൈകളിൽ ആയുധമായിത്തീർന്നു. ചാകുന്ന മോശയെ തീററിവളർത്തുന്നതിന് ദൈവത്താൽ ഉപയോഗിക്കപ്പെട്ടു. അത്ഭുതമായ ദൈവമുൻകരുതൽ! ശ്ലാഘനീയമായ ജ്ഞാനം! വാസ്തവത്തിൽ യഹോവ "ആലോചനയിൽ അത്ഭുതകരനും വൃത്തിയിൽ വിശിഷ്ടൻ" മത്രേ. അകൃത്രിമമായ പരമാർത്ഥമനസ്സോടു കൂടി അവനിലാശ്രയിപ്പാൻ നാം പഠിക്ക അതിനാൽ നമ്മുടെ പാത അതിപ്രകാശവും നമ്മുടെ സാക്ഷ്യം അത്യന്തഫലകരവുമായിരിക്കും. [തുടരും)

# ഒരു വേലക്കാരന്റെ യോഗ്യത

സുവിശേഷവേലക്കാരുടെ മാതൃകയെപ്പററി കുറെയൊന്നു പറയേണ്ടിയിരിക്കുന്നു. ഒന്നാമതു എല്ലാററിലും മുന്തിയതും വേലക്കാർ തങ്ങളുടെ വേലകളിലും, ഗ്രാമങ്ങളിലും. ആത്മാക്കളെ ആദായപ്പെടുത്തുന്നവരായിരിക്കണമെന്നുള്ളതാണ്. രണ്ടാമത്, അവർ വളരെ പ്രാർത്ഥിക്കുന്നവരും ദൈവവചനത്തിൽനിന്നു പതിവായി തങ്ങളുടെ അംശം പുഷ്ടിക്കുന്നവരുമായിരിക്കണം. നിന്ദയും ഉപദ്രവവുമുണ്ടാകുമ്പോൾ സൗമ്യതയും ക്ഷമയും അവർക്കാവശ്യമുണ്ട്. കൂട്ടുവേലക്കാരുടെ കുറവുകളെ സഹിക്കുന്ന ഒരാത്മാവും അവർക്കുണ്ടായിരുന്നേമതിയാവൂ. കൂടാതെ, തങ്ങളെക്കുറിച്ചും തങ്ങളുടെ വേലയെക്കുറിച്ചും കരുതലുള്ളവരും പരിജ്ഞാനമുള്ളവരുമായ സഹോദരന്മാരുടെ സഹായത്തെയും ദൈവികാലോചനയെയും അംഗീകരിക്കുന്നതിനു മനസ്സുള്ളവരായിരിക്ക എന്നുള്ളതും സുപ്രധാനമാകുന്നു. പരിശുദ്ധാത്മാവിന്റെ ഫലം അവരുടെ ജീവിതത്തിൽ കാണപ്പെടണം. കൃത്യനിഷ്ഠയും സ്ഥിരപരിശ്രമവും മുഖ്യമായിട്ടുള്ളവയാകുന്നു. ദിനംപ്രതിയുള്ള ജോലിയെയും, വേദാദ്ധ്യയനത്തെയും വിട്ടുകളയരുതു. ഈ മഹൽ ഗുണങ്ങളെല്ലാം വേലക്കാരിൽ കാണേണ്ടതു ആകുന്നു. അല്ലാത്തതാൽ അവർ ക്ഷയിപ്പാനിടയാകുമെന്നു മാത്രമല്ല, വളരെ ദോഷവും സംഭവിക്കുന്നതാണ്. Anon.

# ശാസ്ത്രീയവും പ്രായോഗികവുമായ വേർപാടുകൾ

(ജെ. എം. ഡേവിസ്, മിഷ്യനറി, തൃശ്ശൂർ)

## വേർപാടിന്റെ ശരിയായ സ്വഭാവം.

---

വേർപാടിന്റെ ശരിയായ സ്വഭാവത്തെക്കുറിച്ച് അന്വേഷിക്കുന്നതു നല്ലത്, നാം തിരുവെഴുത്തുകൾ പരിശോധിക്കുന്നതായാൽ ഈ അന്വേഷണം സഫലീഭവിക്കും. തിമൊഥെയൊസിന്റെ രണ്ടാം ലേഖനം രണ്ടാം അദ്ധ്യായത്തിൽ അതിനെ വളരെ തെളിവായി വെളിപ്പെടുത്തിട്ടുണ്ടെന്നു മാത്രമല്ല, ശക്തിയായി ഉറപ്പിക്കുകയും ചെയ്തിരിക്കുന്നു. അവിടെ ആത്മാവ് അതിന്റെ അനുകൂലവും പ്രതികൂലവുമായ വശങ്ങളെ വ്യാവൃത്യ തിമൊഥെയൊസിന് സ്പഷ്ടീകരിക്കുന്നു.

എങ്ങിനെയെന്നാൽ "പടചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിന്ന് യാതൊരു പടയാളിയും ജീവനകാര്യങ്ങളിൽ ഇടപെടാതിരിക്കുന്നു." [വാക്യം 4] നന്നായി നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക എന്നുള്ള നമ്മുടെ കർത്താവിന്റെ അഭിനന്ദനവാക്ക് കേൾപ്പാൻ അവന്റെ ജീവിതത്തിലുള്ള വേർതിരിവാണ് ഇവിടെ കാണിക്കുന്നത്. അവനെ പ്രസാദിപ്പിക്കേണ്ടതിന് എന്നുള്ളതു വേർതിരിവിന്റെ എത്ര മനോഹരമായ ആന്തരമാണ്. ഇതിൽ ഉപരി വേറൊരു ആന്തരവും കാണ്മാൻ കഴികയില്ല. മുഖ്യമായി കർത്താവിങ്കലേക്കല്ലാത്ത ഒരു വേർതിരിവ് ന്യായപ്രമാണ സംബന്ധമായതും പരീശത്വത്തിന്റെ വേഷമായിത്തീരും.

"ഒരുത്തൻ മല്ലുകെട്ടിയാലും ചട്ടപ്രകാരം പൊരുതീട്ടില്ല എങ്കിൽ കിരീടം പ്രാപിക്കയില്ല" [വാക്യം 5] കർത്താവിന്റെ മാ-

സൻ മല്ലുകെട്ടുന്നവനാണെന്നറിവി[...] പറഞ്ഞിരിക്കുന്നതിനാൽ അവന്റെ വേർപാട്ട മൽപിടുത്തത്തിനുള്ള നി[...]മവും വ്യവസ്ഥയുമാകുന്നു. വചനത്തി[...]ലേക്കുള്ള വേർതിരിവാണ്. ലഭിക്കേണ്ട കിരീടത്തിന്റെയും ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ ലഭിക്കേണ്ട പ്ര[...]തിഫലത്തിന്റെയും കാഴ്ചയാലത്രേ.

അദ്ധ്വാനിക്കുന്ന കൃഷിക്കാരൻ ആ[...]ക്കുന്ന ആദ്യഫലം അനുഭവിക്കേണ്ട[...]ത് (വാക്യം 6) കൊയ്ത്തിന്റെ സ[...]ന്തോഷത്തെ കണ്ടുകൊണ്ട് വേല[...]യുള്ള വേർതിരിവത്രേ ഇത്. വിഫല[...]മായ ഒരു ശുശ്രൂഷ നമ്മുടെ നാണത്തെ[...] ഉളവാക്കുന്നു. "ദാവീദിന്റെ സന്തതി[...] (വിത്ത്) മരിച്ചവരുടെ ഇടയിൽ നി[...]ന്നെഴുന്നേറ്റു" പോലെ മനുഷ്യരുടെ ഹൃദയങ്ങളിൽ വിതയ്ക്കപ്പെട്ട ദൈവ[...] വചനത്തിൻ വിത്തും അതിൽ തന്നെ ജീവനുള്ളതാകുന്നുവെന്നും അതിനാൽ ഫലം പുറപ്പെടുവിക്കുമെന്നും ഓർത്തുകൊണ്ട് ക്ഷമയോടും ആശയോടും ശുശ്രൂഷകൻ കാത്തിരിക്കേണ്ടതാകുന്നു.

ഒരു വേലക്കാരനെന്നനിലയ്ക്ക് അവ[...]ൻ സത്യത്തിന്റെ വചനത്തോട് പ[...] [...]മായി ഇടപെടുകയും തനിക്ക്[...] [...]ക്കുന്ന തോന്നുന്ന ഉപദേശങ്ങ[...]ൾക്കായി തിരുവെഴുത്തുകളെ വളച്ചൊ[...]തിരിക്കുകയും വേണം. അവൻ വ്യാജോപ[...]ദേശങ്ങളിൽ നിന്നും ദുരുപദേഷ്ടാക്ക[...]ളിൽ നിന്നും തന്നെത്താൻ വേർപ്പെടുക്കണം. അവന്റെ ഈ വേർപാടിന്റെ നിഷേധ്യവശത്തെക്കുറിച്ചാണ് ഇവി[...]ടെ [...] പറയുന്നത്. വ്യാജോപ[...]

ദുഷ്ടന്മാരിൽ നിന്നൊഴിഞ്ഞുകൊള്ളുന്നതിനെ സംബന്ധിച്ചു പറയുന്ന ഭാഗം മുഴുവൻ സംഖ്യാ 16:28 ൽ കാണുന്ന കോരഹിന്റെ പ്രതിഷേധവചനങ്ങളോടു സംബന്ധമുള്ളതായി കാണുന്നു. ഒന്നും പറയാതെ കടന്നുപോകത്തക്ക പ്രാധാന്യമല്ല ഇതിനുള്ളതു്. ദൈവവേലക്കാരൻ എന്തിൽ നിന്നെല്ലാമാണു് വേർപെടേണ്ടതു് എന്നുകാണിക്കുന്ന മൂന്നു വേദഭാഗങ്ങളിലേക്കു ശ്രദ്ധയെ തിരിക്കാം.

**പുറ. 32: 26 പ്രകാരം മ്ലേച്ഛവസ്തുവിൽ നിന്നുള്ള വേർപാടു്**

മോശ പർവ്വതത്തിൽ നിന്നിറങ്ങിപ്പോകാൻ കല്പനയുണ്ടായി. അവൻ ഇറങ്ങിവന്നപ്പോൾ ജനങ്ങൾ ഒരു പൊൻകാളക്കുട്ടിയെ വാർത്തുണ്ടാക്കി അതിന്റെ മുമ്പിൽ വണങ്ങിക്കൊണ്ടു് ഇസ്രായേലേ, ഇതു നിന്റെ ദൈവങ്ങളെന്നു ഘോഷിക്കുന്നവരായിരുന്നു. അവർ കാളകളേയും കാളക്കുട്ടികളേയും സേവിക്കുന്ന ഈജിപ്ത്യരുടെ ആരാധനയിലേക്കു മടങ്ങിയിരുന്നു. വിഗ്രഹാരാധനയിലേക്കു് അവർ മടങ്ങി. ഇതിനാൽ മോശെ പാളയത്തിന്റെ വാതുക്കൽ നിന്നുകൊണ്ടു് "യഹോവയുടെ പക്ഷത്തിൽ ഉള്ളവൻ എന്റെ അടുക്കൽ വരട്ടെ" എന്നു വിളിച്ചുപറകയും തദവസരം ലേവിപുത്രന്മാരെല്ലാം അവന്റെ അടുക്കൽ ഒന്നിച്ചുകൂടുകയും ചെയ്തതായി പുസ്തകത്തിൽ കാണുന്നു. ലേവ്യർ, സ്വജനത്തിനെതിരായി ദൈവഭാഗത്തുനിന്നു. ഇതു "സ്വഭാവ വിരുദ്ധ"മാകയാൽ അത്ര എളുപ്പമുള്ള കാര്യമല്ലായിരുന്നു. എന്നാൽ അവർ ഇങ്ങനെ ചെയ്തതിന്റെ പ്രതിഫലമായി യഹോവയുടെ സമക്ഷം ശുശ്രൂഷിപ്പാൻ അവർ തിരഞ്ഞെടുക്കപ്പെട്ടു. ഇസ്രായേൽ ഒരു പുരോഹിതകുലമായിരിപ്പാനത്രേ ദൈവം ഉദ്ദേശിച്ചിരുന്നതു്. എന്നാൽ അവർക്കതിനുള്ള പദവി ന... യാളിക്കുന്നതിനും, പാലിക്കുന്നതിനും കഴിയാതെപോയി. എന്നാൽ തങ്ങളുടെ ചരിത്രത്തിലെ ഒരു മുഖ്യപരിശോധനാഘട്ടത്തിൽ യഹോവയ്ക്കു ക... ഴ്പ്പെട്ടതിനാൽ ലേവിഗോത്രം തി... രഞ്ഞെടുക്കപ്പെട്ടു. തങ്ങൾക്കായി ദൈവസന്നിധിയിലേക്കു പോയ പുരോ... നെ അവർ കാണാതെ വരികയാൽ "അവനു എന്തു ഭവിച്ചു എന്നു ഞങ്ങൾ അറിയുന്നില്ല" എന്നവർ പറഞ്ഞു... കളുതു ഇതു് ഒരു ഭൗമികാരാധനയിലാണവസാനിച്ചതു്. പിന്നീടു് അതിൽനിന്നു ശുശ്രൂഷകന്മാരായിത്തീരുവാൻ തെരഞ്ഞെടുക്കപ്പെട്ടവർ തങ്ങളെത്തന്നെ വേർപെടുത്തി.

**സംഖ്യ. 16:26. ഒരു വ്യാജനിബന്ധനത്തിൽ നിന്നു് ഉള്ള വേർപാടു്**

അവൻ സഭയോടു് ഈ ദുഷ്ടമനുഷ്യരുടെ സകല പാപങ്ങളാലും നി... ങ്ങൾ സംഹരിക്കപ്പെടാതിരിക്കേണ്ടതിന്നു് അവരുടെ കൂടാരങ്ങളുടെ അടുക്കൽ നിന്നു് മാറിപ്പോകുവിൻ; അവർക്കുള്ള യാതൊന്നിനെയും തൊടരുതു് എന്നു പറഞ്ഞു. സംഖ്യ 16: 26

പുതിയ നിയമത്തിൽ ഇതിനെ "കോരഹിന്റെ മത്സരം" എന്നു പറയുന്നു. അത്ര ഗൗരവമേറിയ ഒരു മത്സരവും വളരെ അനിഷ്ടഫലങ്ങളെ പുറപ്പെടുവിച്ചിട്ടുള്ളതുമായിരുന്നു. പ്രസിദ്ധന്മാരായ ഈ പ്രഭുക്കന്മാർ മഹാപുരോഹിതന്റെ അധികാരത്തിൽപെട്ട കൂടാരം സംബന്ധിച്ചുള്ള വേലയ്ക്കു നിയമിതനായി ലേവ്യനായ കോരഹിന്റെ നേതൃത്വത്തിൽ ആയിരുന്നു മത്സരിച്ചതു്. ഈ ശുശ്രൂഷകൊണ്ടും അവസ്ഥകൊണ്ടും അവൻ തൃപ്തിപ്പെ

ട്ടില്ലം. പൗരോഹിത്യം കൂടെ അവൻ ആഗ്രഹിച്ചു. ദൈവം മോശെക്കും അഹരോനും കൊടുത്തിരുന്ന മാന്യമായ സ്ഥാനങ്ങൾ തള്ളിക്കയറുവാൻ അവൻ ആഗ്രഹിച്ചു. ഒന്നിച്ചു ചെന്ന മോശയും അഹരോനും നാം സ്വീകരിച്ചു പറയുന്ന അപ്പോസ്തോലനും മഹാപുരോഹിതനുമായ കർത്താവായ യേശുക്രിസ്തുവിനെ കുറിക്കുന്നു. ഓരം അവർ ദൈവത്തിന്റെ മുഖംകൊടുത്ത മറൈയാൾ അവർക്കുവേണ്ടി വിശുദ്ധസ്ഥലം അകത്ത് കടന്നുപോയി. ലേവ്യർ മഹാപുരോഹിതന്റെ അധികാരത്തിനും ഭരണത്തിനും കീഴ് തങ്ങളുടെ ശുശ്രൂഷ നിർവഹിക്കുന്ന വിശ്വാസിയെ അവന്റെ ഭൃത്യനിരയിൽ കാണിക്കുന്നു. പ്രത്യേകിച്ചു, ലേവ്യർ സുവിശേഷശുശ്രൂഷയുടെ പ്രവൃത്തിയ്ക്കായിട്ട് കർത്താവ് സ്വയമേവ വേർതിരിച്ചിട്ടുള്ളവരെ കുറിക്കുന്നു. ഇവരുടെ അത്യന്തം ശിക്ഷിക്കയാൽ സംഹരിക്കപ്പെട്ടു. എന്നാൽ വിധി നടക്കുന്നതിനു മുമ്പ് മോശ ജനത്തോട് ഇങ്ങനെ പറഞ്ഞു: "ഈ ദുഷ്ടമനുഷ്യരുടെ സകല പാപങ്ങളാലും നിങ്ങൾ സംഹരിക്കപ്പെടാതിരിക്കേണ്ടതിന് അവരുടെ കൂടാരങ്ങളുടെ അടുക്കൽ നിന്നു മാറിപ്പോകുവിൻ; അവർക്കുള്ള യാതൊന്നിനെയും തൊടരുത്." കോരഹ്, ദാഥാൻ, അബീരാം മുതലായവരുടെ പാപം ഇന്നത്തെ "പട്ടത്വത്തിന്റെ"യും, "പുരോഹിതതന്ത്രത്തിന്റെ"യും മുൻകുറിയാകുന്നു. ഈ ഏർപ്പാട് കേവലം ഒരു ശുശ്രൂഷകനെ ദൈവം തന്റെ പുത്രനു കൊടുത്തിട്ടുള്ള സർവ്വോപരിസ്ഥമായ സ്ഥാനത്തേക്ക് ഉയർത്തുകയാകുന്നു. റോമയുടെ പുരോഹിതതന്ത്രത്തിലാണ് ഈ പാപം വളർച്ച പ്രാപിച്ചു കാണുന്നതു. എന്നാൽ പട്ടത്വത്തിന്റെ പല ദുരുപയോഗങ്ങളും മുളച്ചുണ്ടാകുന്നത് ഒരേ പാപത്തിൽ നിന്നുതന്നെയാണ്. ദൈവവചനം അനുവദിച്ചിട്ടില്ലാത്ത ഒരു അന്തസ്സിലേക്ക് ഒരു "ശുശ്രൂഷകൻ" ചാടിക്കയറുന്നതു പാപംതന്നെയാകുന്നു.

ഇവർ മഹാന്മാരും പ്രസിദ്ധന്മാരുമായിരുന്നതുകൊണ്ട് വളരെ അനുഗാമികളും ഇവർക്കുണ്ടായി. എന്നാൽ അവരെ ഭയങ്കരമായ ശിക്ഷയിലേക്കത്രെ ഈ മഹാന്മാർ നടത്തിയതു്. [വാക്യം നമ്പ്ര] ഇതു ഭയങ്കരമായ ഒരു ഉദ്ബോധനമാകുന്നു. എന്നാൽ ആയിരങ്ങളും ഇന്നും ഇതിനെ ശ്രദ്ധിക്കുന്നില്ല. "ശുശ്രൂഷകൻ" പണ്ഡിതനും മനുഷ്യവിദ്യാശാലകളിൽ പഠിച്ചവനും ആയിരുന്നാൽ ദൈവവചനം പറയുന്നതു എന്തുതന്നെ ആയിരുന്നാലും അതു കൂട്ടാക്കാതെ അയാളുടെ വാക്കാണ് അവർ തീരുമാനമായി എടുക്കുന്നതു്.

കർമ്മാചാരനിരതമായ പട്ടത്വം, സത്യവിശ്വാസി അകന്നുമാറേണ്ട ഒന്നുതന്നെ. ഈ മാറ്റത്താൽ അവൻ ഒരു മാനപാത്രമായിത്തീരും. ഇസ്രായേലിൽ നിന്നു പിരിയുന്നതു കോരഹിന്റെ മരിക്കാഞ്ഞ പുത്രന്മാരുടെ (സംഖ്യ. 26:11) സംഗതിയിലെന്നപോലെ "സ്വാഭാവികമായിരിക്കും." തങ്ങളുടെ പിതാവിന്റെ ഭാഗം പിടിക്കുന്നതിനേക്കാൾ ദൈവവചനത്തെയാണല്ലോ അവർ അനുസരിച്ചതു്. ഇതിന്റെ ശേഷം ഇതിനുള്ള പ്രതിഫലം അവർക്കു ലഭിച്ചു. ൪൨—൪൯ വരെയുള്ള സങ്കീർത്തനങ്ങളും മറ്റു ചില സങ്കീർത്തനങ്ങളും കോരഹിന്റെ മക്കൾക്കായി എഴുതപ്പെട്ടു. "അവർ കൂടാരത്തിന്റെ ഉമ്മരപ്പടികളിൽ കാവൽക്കാരാ

യി ശുശ്രൂഷയുടെ വേലയും മേൽവിചാരകന്മാരായിരുന്നു. അവരുടെ പിതാക്കന്മാരും യഹോവയുടെ പാളയത്തിന്റെ മേൽവിചാരകന്മാരായി പ്രവേശനപാലകരായിരുന്നു. [൧ ദിന: ൯. ൧൯] ഉപർപാട്ട വളരെ ചെലവുള്ളതായിരിക്കാം. എന്നാൽ അതിനു അതിന്റെ നിശ്ചിതമായ പ്രതിഫലമുണ്ട്.

൨ രാജാ. ൧൨: ൨൮-൩൩ ഒരു തെറ്റായ കേന്ദ്രത്തിൽനിന്നുള്ള വേർപാട്.

യെരോബെയാം ബേഥേലിൽ ഒരു ബലിപീഠം പണിതു അതിന്മേൽ ധൂപം കാട്ടി. പഴയനിയമത്തിൻകീഴ് ദൈവത്തിനു യരുശലേം എന്ന ഒരു ആരാധനാസ്ഥലം മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ ജനങ്ങൾ യരുശലേമിലേക്കു പോകുന്നതു ഒരു കവിച്ചിൽ [അനാവശ്യം] ആണെന്നു യരോബെയാമും വിചാരിച്ചു. അതുകൊണ്ടു ബേഥേലിലും ദാനിലും ഓരോ കാളക്കുട്ടിയെ അവൻ സ്ഥാപിച്ചു. തദ്വാരാ അവർ ദൈവദത്തമായ സ്ഥാനത്തുനിന്നു ഇസ്രായേലിനെ അകറ്റി. ആ സ്ഥലം യഹോവ തന്റെ നാമത്തെ സ്ഥാപിപ്പാൻ തിരഞ്ഞെടുത്തതായിരുന്നു. തന്റെ തെറ്റായ ആരാധന നടത്തുവാൻ അവൻ സാമാന്യജനങ്ങളിൽനിന്നു പുരോഹിതന്മാരെ നിയമിച്ചാക്കി. സ്വന്ത ആലോചനയിൽ നിന്നു പെരുന്നാളുകളെയും നിശ്ചയിച്ചു. ഇങ്ങനെ അവൻ പിശകായ വ്യവസ്ഥ, പിശകായ ആരാധനാസ്ഥാനം, പിശകായ പുരോഹിതന്മാർ, പിശകായ പെരുനാളുകൾ ഇവയോടുകൂടിയ ഒരു ആരാധന സ്ഥാപിച്ചു.

ഇതിനു വിപരീതമായി യഹോവ ഒരുത്തനെ അയച്ചു. ദൈവവചനപ്രകാരം അയാൾ പോയി ദൂതറിയിച്ചു. എന്നാൽ അപ്പം തിന്നുന്നതിനും വെള്ളം കുടിക്കുന്നതിനും അയാളെ ക്ഷണിച്ചപ്പോൾ ആ സ്ഥലത്തു തനിച്ചു അതു ചെയ്തുകൂടാ എന്നു പറഞ്ഞു ദൈവദൂതൻ ആ ക്ഷണം നിഷേധിച്ചു. പിന്നീടു വൃദ്ധപ്രവാചകൻ അവനെ വിളിച്ചപ്പോൾ അവനോടുകൂടി ആ സ്ഥലത്തു ഭക്ഷിപ്പാൻ കഴികയില്ലെന്നു പറഞ്ഞു തള്ളിക്കളഞ്ഞു. ദൂതന്റെ ഈ മറുപടിയിൽനിന്നു മറ്റു എവിടെയെങ്കിലും ആയിരുന്നാൽ ആ വൃദ്ധപ്രവാചകനോടുകൂടി ഭക്ഷിക്കാം. തിരുവെഴുത്തുകളിൽ "ഭക്ഷിക്കുകയും കുടിക്കുകയും" എന്നുള്ള കൂട്ടായ്മയെ ആണു കുറിക്കുന്നതു. ആ സ്ഥലത്തുവെച്ചും ആ സ്ഥലത്തിനെതിരായിട്ടും ദൈവത്താൽ നാശം കല്പിക്കപ്പെട്ടതിനെ പറവാൻ പ്രവാചകനു സ്വാതന്ത്ര്യം ഉണ്ടായിരുന്നെന്നു വരികിലും അവിടെ വെച്ചു ഭക്ഷിച്ചു കുടിക്കുന്നതിനു അവനു സ്വാതന്ത്ര്യമില്ലായിരുന്നു. കാരണം ആ സ്ഥലവുമായി അവൻ കൂട്ടായ്മ ഉണ്ടെന്നതു പ്രദർശനങ്ങളാൽ അവൻ വെളിപ്പെടുത്തേണ്ടിയിരുന്നുള്ളു.

ഇന്നു ആരാധനയ്ക്കു പിശകായ എത്ര വളരെ കേന്ദ്രങ്ങളാണുള്ളതു! കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തെ മാത്രം ലക്ഷ്യമാക്കി കൂടിവരുന്നതിനു പകരമായ സ്ഥാനം, പ്രെസ്ബിറ്റീരിയൻസ്, എപ്പിസ്കോപ്പലിയൻസ് മുതലായവരുടെ സഭാഭരണരീതി അഥവാ, വെസ്ലിയൻ എന്നപോലെ ഒരു മനുഷ്യന്റെ പേരിനെ നിലനിർത്തുവാനുള്ള ഏതെങ്കിലും സ്ഥാപനം, ഇവയിലേക്കു മനുഷ്യർ കൂടിവരുന്നതായി കാണുന്നു. ഈ പിശകായ കേന്ദ്രങ്ങളോടുകൂടി, പട്ടത്വം, പെരുനാളുകൾ മുതലായ വ്യാജപദ്ധതികളു

മുണ്ട്". അവയെല്ലാം കർത്താവിനെ അപമാനിക്കുന്നവതന്നെ. "സകല സകല നാമത്തിനും മീതെയുള്ള നാമ"ത്തിനും നിലനിൽക്കുന്നേ സാക്ഷ്യമായിരിക്കേണമെന്നു ദൈവം ആഗ്രഹിക്കുന്നു. അതുകൊണ്ടു ദൈവത്തിന്റെ "ദാസൻ" "കക്ഷി," "വിക്ലപ്പ്" മുതലായവയോടു കൂട്ടായ്മ ഉണ്ടായിട്ടു് ഈ ഉദ്ദേശത്തിനു വിപരീതമായിരുന്നിന്നേയും അനുകൂലിക്കാതിരിക്കേണ്ടിയിരിക്കുന്നു. വൃദ്ധപ്രവാചകൻ, താനും ഒരു പ്രവാചകനാകുന്നു എന്നും ഒരു ചെറുപ്പക്കാരൻ അവിടെ വെച്ചു ഭക്ഷിക്കുന്നതിനും കുടിക്കുന്നതിനുമായി ദൂതൻ തന്നോടു കല്പിച്ചിരിക്കുന്നു എന്നും പറഞ്ഞുകൊണ്ടു ദൈവപുരുഷനെ ലാക്കിൽനിന്നു തിരിപ്പാൻ ചെയ്ത ശ്രമം ഫലവത്തായി സാധിച്ചു. എന്നാൽ അവൻ ഭോഷ്കായിരുന്നു അവനോടു പറഞ്ഞതു്; അതിനാൽ ദൈവഹിതം എന്തെന്നറിഞ്ഞശേഷം ആ അറിവിനെ അനുസരിക്കാതെ തിരിഞ്ഞുപോകുന്നതിന്റെ ഫലം വളരെ സങ്കടമായിട്ടുള്ളതാകുന്നു. യഹോവയ്ക്കു വേണ്ടി വെറുതെ ദൂതു കൊടുപ്പാനുള്ള പദവി പിന്നീടു് ഒരിക്കലും അവനു നൽകപ്പെട്ടില്ല.

## ക്രിസ്തു ഒരു മാതൃകാദാസൻ.

"കർത്താവിന്റെ ദാസൻ ശണ്ഠയിടരുതു്." ഇതു് അന്ത്യമായിട്ടുള്ള ഒരു മേ

ഉധാനിയാകുന്നു. ക്രിസ്തുവിൻ മാതൃകയാ ട്ടു് അനുരൂപപ്പെടുവാൻ വേർതിരിക്ക ണം. അവൻ തന്റെ കർത്താവിനെപ്പോലെ ആകേണ്ടതാകുന്നു. നമ്മുടെ കർത്താവിനെക്കുറിച്ചു് "അവൻ കലഹിക്കയില്ല; നിലവിളിക്കയില്ല; ആരും തെരുക്കളിൽ അവന്റെ ശബ്ദം കേൾക്കയുമില്ല." (മത്താ. ൧൨: ൧൯) എന്നു പറഞ്ഞിരിക്കുന്നു. സ്വന്ത മഹിമയെ പ്രസിദ്ധപ്പെടുത്തുന്നതും ശണ്ഠ ഉണ്ടാക്കുന്നതുമായ സ്വഭാവം അവനില്ലായിരുന്നു. ഇപ്രകാരമുള്ള ഒരു പ്രബോധനം നമുക്കു് എത്രമാത്രം ആവശ്യമായിട്ടുള്ളതാണു്. കാരണം സത്യത്തിനുവേണ്ടി വാദിക്കേണ്ടതിനു പകരം അതിനായി ശണ്ഠ കൂടുവാൻ നാം പലപ്പോഴും പരീക്ഷിക്കപ്പെടുന്നു. സ ശണ്ഠയുണ്ടാക്കുന്ന ഇഷ്ടമില്ലായ്മകൊണ്ടല്ല, പിന്നെയോ, സ്നേഹപൂർവ്വം ഇഷ്ടമില്ലായ്മകൊണ്ടത്രേ നിർമ്മിക്കപ്പെട്ടിരിക്കുന്നതു് എന്നുള്ളതു നമ്മൾ സ്മരണീയമത്രേ. ഭോഷത്തിൽനിന്നു കർത്താവിങ്കലേക്കു അവന്റെ വചനത്തിലേക്കും ചേർക്കപ്പെടുത്തപ്പെടുവാൻ നാം ഇങ്ങനെ തിരിയുമ്പോഴും "ശുദ്ധഹൃദയത്തിൽനിന്നു കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന ഏവരോടും സമാധാനം ആചരി"ക്കേണ്ടതാകുന്നു. നമ്മുടെ കൂട്ടായ്മയുടെ വലിപ്പം ആയിരിക്കേണ്ടതു് ഇതത്രേ.

# വിശ്വാസജീവിതവും ക്രൂശും

മത്തായി. എസ്സ്. വർ.
(ആർ. റ്റി. ജംഗ്ഷൻ റാന്നി.)

'ലക്ഷ്യം' എന്ന വാക്ക് ഉച്ചരിച്ചപ്പോൾ പ തന്നത്താൻ ആണെന്ന് തോന്നിയേക്കാം. കൊണ്ട് വിശ്വാസി ക്രൂശു ചുമന്നു ന്നാലെ പോകണം. യേശുവിന്റെ പി ന്തുഗമിക്കുന്നവരായി ഭാവിക്കുന്ന പ്പോൾ വളരെപ്പേരുണ്ട്. എന്നാൽ ന്റെ ക്രൂശു വഹിക്കുന്നവർ വളരെ ചുരുക്കം. ആശ്വാസവും ക്ഷേമവും ആ ഗ്രഹിക്കുന്നവർ വളരെ ആളുകളും ഉ ണ്ട്. എന്നാൽ ക്രൂശിന്റെ സങ്കടങ്ങ ളേയും നിന്ദയെയും ആഗ്രഹിക്കുന്നവ ർ വളരെ ചുരുക്കം. കർത്താവിന്റെ വി രുന്നുപന്തിയേയും അവിടെയുള്ള കോ ലാഹലങ്ങളേയും കണ്ടു സന്തോഷിക്കു ന്നതിനും തൃപ്തി അടയുന്നതിനും അനേ കം കൂട്ടുകാരുള്ളതായി താൻ കണ്ടിരുന്നു. എന്നാൽ തന്റെ പൈദാഹങ്ങളിലും ത്യാഗശീലത്തിലും സഹകരിക്കുന്നവർ വളരെ ചുരുക്കം പേർ മാത്രം. ഈ മീ ന്താപഥത്തിൽകൂടി എന്റെ വായന ക്കാരൻ മെല്ലെമെല്ലെ ഗമിക്കുമ്പോൾ ഇതിന്റെ അന്തസ്സാരം ഗ്രഹിപ്പാൻ ക ഴിയും. ക്രിസ്തുവിന്റെ സന്നിധി യിലുള്ള സന്തോഷവും തന്റെ വ ലത്തുഭാഗത്തുള്ള പ്രമോദവും അ നേകർ ഇച്ഛിക്കുന്നു. അവനെ അനുഗമിക്കുന്നതിനാൽ ലഭ്യമാകുന്ന കായക്ലേശമോ മനഃപീഡകളോ വ ഹിക്കുന്നതിനും സഹിക്കുന്നതിനും അ വർക്കു മനസ്സില്ല. അപ്പംകൊണ്ട് അയ്യായിരത്തെ പോഷിപ്പിക്കുമ്പോൾ പലരും അവനെ പിഞ്ചെല്ലുന്നു. അതു പോലെ അത്ഭുതങ്ങൾ കണ്ടു കുരുടക ളെ ബുദ്ധികൊണ്ട് ആയിരം പതിനാ യിരങ്ങൾ അവനെ പിന്തുടരുന്നു. തി ബേര്യാസ് കടൽത്തീരത്തെ അനുഭവങ്ങ ൾ കൊണ്ടു മാത്രം തൃപ്തി അടയുന്ന ഒരു വലിയ കൂട്ടത്തെ നാം ഇവിടെ ദ ർശിക്കുന്നു. സൂര്യൻ അസ്തമിക്കയും പട വുകൾ അക്കരെ കപ്പർന്നഹോമിലേക്കു പോകുവാൻ സന്നദ്ധമാവുകയും ആഴ ത്തിലേക്ക് വന്നു ഇറങ്ങാൻ ഉദ്യമിക്കയും മൂടപ്പെട്ടു. എന്നാൽ അവിചാരിതമാം കൊണ്ട് കടൽ മേഘപടലങ്ങളാൽ ങ്ങുകയും സഹ്യമല്ലാത്തമായ കാറ്റു ഉഗ്രക്കൊട്ടുകൂടിയ തിരമാലകൾ ഇള ക്കിയും ചെയ്യുന്നു. ഇങ്ങനെയുള്ള വള്ള ത്തിൽ സഹയാത്രക്കാരായ പ്രിയപ്പെ ട്ടവരോടു മതിയായ വിധം സഹായിപ്പാ നും സഹകരിപ്പാനും വേണ്ടുവോളം ക ഴിവുള്ള ഒരു രക്ഷാനായകനെ അംഗീ കരിക്കുന്ന ഒരു സന്ദർഭം കിട്ടുവാൻ ഇടയാകുന്ന തന്റെ ക്രൂശിലുള്ള രക്ഷാ കരിയുടെ മാഹാത്മ്യം ദാസ്യരൂപം എ ടുത്തു മനുഷ്യനായി തന്നത്താൻ ഒഴി ച്ചു. വേഷത്തിൽ മനുഷ്യനായി വിള ങ്ങി തന്നത്താൻ താഴ്ത്തി മരണത്തോ ളം അനുസരണമുള്ളവനായിത്തീർന്നു. (ഫിലി. 2: 7,8.) താൻ ഒരു അടിമയു ടെ രൂപം എടുത്തതിനാലത്രേ തന്ന ത്താൻ ഒഴിച്ചു. ഒരു ദാസന്റെ ഭാവം കാണിച്ചു എന്നല്ല സത്യമായി ഒരു അടിമക്കാരനായി അവൻ വന്നു എന്നു കാണിക്കുന്നു. ദൈവരൂപത്തോടു കൂടി യ സത്യദൈവം ദാസരൂപത്തോടു കൂ ടിയ സത്യമനുഷ്യനായിത്തീർന്നു എന്ന സംഗതി എത്രയോ ആശ്ചര്യമായ വി

...ം തൻെറ ജീവിതപ്രയാണത്തിൽ വിളങ്ങുന്നുണ്ട്. മുൻപു തനിക്കില്ലാതിരുന്ന ഒരു അവസ്ഥയെ സ്വീകരിച്ചതും വീണ്ടെടുപ്പിൻ മാഹാത്മ്യത്തെയും ജീവിതത്തിൻ ഗാംഭീര്യത്തെയും ശോഭിപ്പിക്കുന്ന ക്രൂശിൻെറ അംശമാകുന്നു. മാത്രമല്ല വേഷത്തിൽ മനുഷ്യനായി കാണപ്പെട്ടു എന്നു പറഞ്ഞിരിക്കകൊണ്ട് താൻ വെറും മനുഷ്യനായിരുന്നു എന്നല്ല മനുഷ്യൻെറ വേഷമെടുത്ത ഒരു ദൈവമാകുന്നു എന്നുള്ള അർത്ഥമാണ് സ്ഫുരിക്കുന്നത്. അതു മാത്രമല്ല മനുഷ്യൻ വിശേഷിച്ചു ഗ്രഹിപ്പാൻ ഏറ്റവും ആവശ്യമുള്ള ഒരു മാതൃകയായിട്ടത്രേ അവൻ കാണപ്പെടുന്നത്. മഹത്വത്തിൻെറ രാജാവായ ക്രിസ്തു അടിമകളും ദാസന്മാരുമായ പാപികൾക്കുവേണ്ടി ശുശ്രൂഷമായ ശാപവും ക്രൂരമായ നീചവുമായ ക്രൂശു മരണത്തിനുവേണ്ടി ഒരുക്കപ്പെട്ടില്ലേ? അത്ഭുതമല്ലയോ? ...റ്റടുത്തനാൾ മുതൽ പിതാവിൻെറ തിരുഹിതം നിവർത്തിക്കണമെന്നായിരുന്നു അവൻെറ സങ്കല്പപ്രധാനമായ ലക്ഷ്യം. ആ തിരുഹിതത്തെ സ്വമനസ്സാലെ തൻെറ ജീവിതത്തിൻെറ ഉപരിപ്രമാണമായി സ്വീകരിച്ചുകൊണ്ടത്രേ അവൻ നടന്നത്. ദൈവികമഹിമയിൽനിന്ന് മാനുഷിക ബലഹീനതയിലേക്കും അതിൽനിന്ന് അപമാനത്തിലേക്കും തന്നെത്താൻ താഴ്ത്തി. ഇവയൊക്കെയും അവൻെറ ഐഹികജീവിതകാലത്തുള്ള പിതൃഹിതത്തിന് അനുസരണമുള്ളവയായി നടന്ന സന്ദർഭങ്ങളെ സൂചിപ്പിക്കുന്നു. അതിൽ ഗത്സമനയിലും കാൽവറിയിലും നടന്ന സംഭവങ്ങളെ സവിപ്രധാനമായി ഗണിക്കാം. അതുകൊണ്ട് ഈ വഴികളിൽ കൂടെയും വിശ്വാസിയുടെ കാൽച്ചുവട് പതിയേണ്ടതിന്ന്. വിശ്വാസി എന്നുള്ള മഹത്തായ പേരിന് യോഗ്യനായി തീരുന്നതിനുള്ള മൂലകാരണം ക്രൂശിൻെറ ഉദരത്തിൽ നിന്നുതന്നെ ജനിക്കുകയും ക്രൂശിൻെറ ആത്മാവുമായ നാളിൽ വിശ്വാസത്താൻെറ നീരൊയൊരുന്നി ബലപ്പെടുകയും ക്രൂശിൻെറ വീഴ്ചയാലും ജ്ഞാനത്താലും വളർന്ന ബലം പ്രാപിക്കുകയും ക്രൂശിൻ വിശ്വാസിയുടെ ജീവിതരേഖകൾ ചേർക്കപ്പെടുകയും ക്രൂശിൻെറ അടയാളവും ഉറപ്പായ ഉടമ്പടിയും കൊണ്ട് മുദ്രയിടപ്പെട്ടിരിക്കുന്ന മേലും വിശ്വാസജീവിതപ്രയാണത്തിൻെറ വഴിപ്പന്തലായിരിക്കുകയും വേണം.

---

"രണ്ടു കാര്യങ്ങൾ ദുഷ്പ്രയാസമുള്ളവകളാണ്. അതിൽ ഒന്ന് ഒരുവൻ ഇരിക്കെ അവൻെറ ഗുണഗണങ്ങളെക്കുറിച്ച് ബുദ്ധിയോടു പറയുന്നതും, മററത് ഒരുവൻ ഇല്ലാത്തപ്പോൾ അവൻെറ തെററുകളെക്കുറിച്ച് സ്നേഹത്തോടു പറയുന്നതും തന്നെ."

* * * * *

"മനസ്സിളകി വിളിച്ചുകൂവുന്നതിനെക്കാൾ സംശയിച്ചു സാവധാനമായി സംസാരിക്കുന്നതത്രെ വാഗ്മിത്വം."

* * * * *

"പറയുന്നതെല്ലാം അറിയണം, അറിയുന്നതെല്ലാം പറയരുത്."

* * * * *

# സുവിശേഷപ്രചാരണഫണ്ട്

| | രൂ. | ണ. |
|---|---|---|
| മണ്ണമരുതി | 2 | 0 |
| വെട്ടിപ്പുറം | 1 | 8 |
| കീക്കൊഴൂർ | 2 | 0 |
| ഊട്ടുപാറ | 2 | 0 |
| സീയോൻകുന്ന്, റാന്നി | 2 | 0 |
| പുത്തൻകാവ് | 5 | 0 |
| കവുങ്ങുംപ്രയാർ | 2 | 0 |
| ഐത്തല | 1 | 8 |
| കണ്ടിച്ചുകളം | 1 | 0 |
| മയനിക്കോട് | 1 | 0 |
| അയിരൂർ | 2 | 0 |
| കുമ്പനാട്ട് | 3 | 0 |
| പുളിക്കീഴ് | 2 | 0 |
| ഇടയാറന്മുള | 1 | 8 |
| മല്ലശ്ശേരി | 3 | 0 |
| കെ. വി. സൈമൺ | 1 | 0 |
| സി. കെ. മാത്യു | 1 | 0 |
| എം. ചാക്കോ. പുല്ലാട് | 3 | 0 |

# വചനമില്ല.

എന്തിന്? താഴെപ്പറയുന്ന കാര്യങ്ങൾക്ക്

1. ഇപ്പോഴത്തെ അപൂർവ്വം മറുഭാഷയാണെന്നുള്ളതിന്;

2. ഒരുപോലെ ശിത്തിയുള്ള വ്യത്യാസം വിശ്വാസികൾ ആത്മാവ് പ്രാപിപ്പാൻ കാത്തിരുന്നിട്ട കൈവിട്ടിയാൽ ചിലർക്ക് ഉടൻ കിട്ടും; ചിലർക്ക് കുറെനാൾകഴിഞ്ഞിട്ടുകിട്ടും; ചിലർക്ക് ഒരിക്കലും കിട്ടുകയില്ല എന്നുള്ളതിന്;

3. പെന്തെക്കൊസ്തിനുശേഷവും പരിശുദ്ധാത്മസ്നാനത്തിനായി വിശ്വാസികൾ കാത്തിരിക്കണമെന്നുള്ളതിന്;

4. പരിശുദ്ധാത്മ സ്നാനത്തിന്റെ ഏക അടയാളമായ(?)മറുഭാഷ ആത്മാവു പറയുമെന്നുള്ളതിന്;

5. പരിശുദ്ധാത്മാവു വരുന്നത് എപ്പോഴും അടയാളത്തോടുകൂടിയാണെന്നുള്ളതിന്;

6. പരിശുദ്ധാത്മാവു വരുമ്പോൾ ഉള്ള മറുഭാഷ അടയാളഭാഷയാണെന്നും, ഭാഷാവരം എന്നുള്ളതു വേറൊന്നാണെന്നും ഉള്ളതിന്;

7. ദൈവം എപ്പോഴെങ്കിലും ഒരു വരം നൽകിയാൽ അതു അപ്പോസ്തലന്മാരെ (മുറിഭാഷ, മുറിതോറ്റം, ശാന്തി ഇത്യാദി) അനുകരിക്കാം എന്നുള്ളതിന്;

8. സ്തോത്രവും, ഹല്ലേലൂയ്യായും, ... കുറെ ആവർത്തിക്കുന്ന വാക്കും ഉൾപ്പെ...

കൊണ്ടിരുന്ന പരിശുദ്ധാത്മാവു പ്രാപിക്കണമെന്നുള്ളതിന്;

9. മരിച്ചവരെ ഉയൎപ്പിക്ക, തേളുകളെ ചവിട്ടുക, സൎപ്പങ്ങളെ പിടിച്ചെടുക്ക, നിഴൽകൊണ്ടു സുഖം കൊടുക്ക മുതലായവ അപ്പോസ്തലന്മാൎക്കു മാത്രമുള്ള വരങ്ങളായിരുന്നു എന്നുള്ളതിന്;

10. അടയാളവരങ്ങൾ, സഭയുടെ എടുത്തുകൊള്ളപ്പെടുതൽവരെ ഉണ്ടായിരിക്കും എന്നുള്ളതിന്;

11. മറുഭാഷയിൽ ദൈവത്തോടു സംസാരിക്കുന്നവൻ താൻ പറയുന്നതു എന്തെന്നു അറിയുന്നില്ലെന്നുള്ളതിന്;

12 പരിശുദ്ധാത്മസ്നാനം ലഭിക്കാത്തവരെ സഭയുടെ തിരുവത്താഴത്തിൽ സംബന്ധിപ്പിക്കാമെന്നുള്ളതിന്;

13 ബുദ്ധിയില്ലാത്ത കന്യകമാൎക്കു യഥാസ്ഥാനപ്പെടുവാൻ രണ്ടാമതൊരു കാലയളവുണ്ടെന്നുള്ളതിന്;

പെന്തെക്കോസ്തുകാരാ! നീ ദൈവവചനം അനുസരിച്ചു നടപ്പാനാണു തീരുമാനിച്ചിട്ടുള്ളതെങ്കിൽ പ്രസ്തുത വിഷയങ്ങൾക്കു കുറഞ്ഞപക്ഷം ഓരോ വാക്യമെങ്കിലും കാണിക്ക.

## യോഗവൃത്താന്തസംഗ്രഹം

മദ്ധ്യതിരുവിതാംകൂറിലെ സഹോദര സഭ വകയായി പ്രതിവത്സരം നടത്തിവരുന്ന മഹായോഗം ധനുമാസം ൨൩ മുതൽ ൨൮ വരെ [ജനുവരി 7 മുതൽ 12 വരെ] ഇടയാറന്മുള മണപ്പുറത്തുവെച്ചു നടത്തുന്നതിനു ഭാരവാഹികൾ ആലോചിച്ചിരിക്കുന്നതായി അറിയുന്നു.

പള്ളിപ്പാട്ടു യോഗം തുലാം ൫—൭ തീയതികൾ. പ്രാസംഗികന്മാർ — മെസ്സേഴ്സ് ഈ. എച്ച്. നോയൽ, കെ. ജി. തോമസ്, കെ. വി. സൈമൺ. ഞായറാഴ്ച രാവിലെ കൎത്തൃഭോജനം. ഈ യോഗങ്ങളിൽ സ്ഥലവാസികളെ കൂടാതെ കാൎത്തികപ്പള്ളി, ചെന്നിത്തല, മുട്ടം മുതലായ സ്ഥലങ്ങളിൽനിന്നും ധാരാളം കേൾവിക്കാർ സന്നിഹിതരായിരുന്നു. ഞായറാഴ്ച രാത്രിയിലെ യോഗത്തിൽ ചിലർ രക്ഷിക്കപ്പെട്ടു.

### കിഴക്കൻ സെന്റർ യുവജന യോഗം

തുലാം ൧൦-ാം൹. സ്ഥലം മൈലപ്രാ സഭാമന്ദിരം. ഉപദേഷ്ടാക്കൾ മി: ഈ. എച്ച്. നോയൽ, മി: കെ. ജി. തോമസ്.

### കനകപ്പലം യോഗം.

തുലാം 18—19 തീയതികൾ. മേൽ പറഞ്ഞിട്ടുള്ള ഉപദേഷ്ടാക്കളെ കൂടാതെ ഡബ്ലിയു. എൻ. റ്റി. ഈപ്പൻ അവർകളും ഉണ്ടായിരുന്നു. ഞായറാഴ്ച രാവിലെ ചെറുവള്ളി തോട്ടത്തിലുള്ള പന്തലിൽവെച്ചു പരസ്യയോഗം നടന്നു. ലഘുലേഖകളും വിതരണം ചെയ്യുകയുണ്ടായി.

### പടിഞ്ഞാറൻ സെന്റർ. യുവജന യോഗം.

തുലാം ൨൯. സ്ഥലം, ഇട്ടേരിമല സഭാമന്ദിരം. പ്രസംഗം മി: കെ. വി. സൈമൺ.

### കണിച്ചുകുളം യോഗം

തുലാം ൩൦-വൃശ്ചികം ൨. സ്ഥലം വിയോജിതസഭാമന്ദിരം. പ്രസംഗികന്മാർ മെസ്സേഴ്സ് ഈ. എച്ച്. നോയൽ, കെ. ജി. തോമസ്, കെ. വി. സൈമൺ. ഞായറാഴ്ച രാവിലെ കർത്തൃഭോജനം. വിവിധവകുപ്പിൽപെട്ടവരായ സ്ഥലനിവാസികൾ ശ്രോതാക്കളായി വന്നുകൂടി രണ്ടുപേർ യോഗത്തിൽ മനസ്സുതിരിഞ്ഞു സാക്ഷിച്ചു. സ്ഥലനിവാസികളുടെ ആവശ്യപ്രകാരം മി: കെ. വി. സൈമൺ ഞായറാഴ്ച രാത്രിയിൽ ആധുനിക മതബോധയുടെ ആവശ്യത്തെ പുരസ്കരിച്ചു പ്രസംഗിക്കയുണ്ടായി.

### സഹൃജന വൈ. എം. സി. എ. മഹായോഗം.

ഈ വൃശ്ചികം ൭ മുതൽ ൯-വരെയുള്ള തീയതികളിൽ കരിയന്നൂർ ശബരിമാങ്കൽ ബി. എം. സ്കൂളിൽവെച്ചു നടക്കയുണ്ടായി. വെള്ളിയാഴ്ച രാത്രി മി: ഈ. എച്ച്. നോയൽ യോഗം ആരംഭിച്ചു. ശനിയാഴ്ച ൧൨ മണിയോടുകൂടി യുവജനസമാജത്തിന്റെ വാർഷികസമ്മേളനം മി: ഈ. എച്ച്. നോയലിന്റെ ആദ്ധ്യക്ഷത്തിൽ നടക്കയുണ്ടായി. പാട്ടു, പ്രാർത്ഥന എന്നിവ കഴിഞ്ഞു സെക്രട്ടറി മി: കെ. ഈ. ജോണിന്റെ റിപ്പോർട്ടുവായനയും സഭാവാസികളുടെ അഭിപ്രായങ്ങളും തദനന്തരം മെസ്സേഴ്സ് പി. സി. ജോൺ, കെ. വി. സൈമൺ, സി. കെ. മാത്യു എന്നിവരുടെ ഊർജ്ജസ്വലമായ പ്രസംഗങ്ങളും ഉണ്ടായി. യുവാക്കന്മാർ കർത്താവിനുവേണ്ടി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പ്രസംഗികന്മാർ തങ്ങളുടെ പ്രസംഗങ്ങളിൽ സവിശേഷം പ്രതിപാദിച്ചിരുന്നു. [illegible] ത്തിനോടു സുവിശേഷയോഗങ്ങളും [illegible] ഞായറാഴ്ച രാവിലെ ഒരു സ്നാനശുശ്രൂഷ നടക്കയുണ്ടായി. സ്നാനസ്ഥലമായ കരിയന്നൂർ പുഴക്കടവിൽ വെച്ചു സ്നാനത്തെപ്പറ്റി മി: കെ. വി. സൈമൺ ഹൃദയംഗമമായ ഒരു പ്രസംഗം ചെയ്തു. അനന്തരം മി: പി. സി. ജോൺ സ്നാനകർമ്മം നടത്തിയതിൽ സ്ത്രീപുരുഷന്മാരുൾപ്പെടെ ൧൮ പേർ വിശ്വാസസ്നാനം സ്വീകരിച്ചു. എല്ലാ യോഗങ്ങളിലും ശ്രോതാക്കളുടെ സാന്നിദ്ധ്യവും തൃപ്തികരമായിരുന്നു.

### കിഴക്കൻ സെന്റർ യുവജനയോഗം

വൃശ്ചികം ൮-ാം- കുമ്പനാട്ടു സഭയുടെ പുരതലയിൽ പാലുകാവിൽ വെച്ചു അനുഗ്രഹകരമായി നടക്കയുണ്ടായി. 9-ാം-ഉം പ്രത്യേക യോഗങ്ങൾ ഉണ്ടായിരുന്നു. മെ: കെ. ജി. തോമസ്, എൻ. റാവി. ഈപ്പൻ എന്നിവരായിരുന്നു പ്രസംഗകന്മാർ.

### മസ്സൂരത്തോടയോഗം,

വൃശ്ചികം ൧൨-൧൩-തീയതികളിൽ സ്ഥലത്തെ ബി. എം. സ്കൂളിൽ വെച്ചു ഭംഗിയായി നടന്നിരുന്നു. ൧൩-ാം- രാവിലെ നടന്ന സ്നാനശുശ്രൂഷയിൽ ൧൨ പേർ നിമജ്ജനസ്നാനം സ്വീകരിച്ചു. ഉച്ചതിരിഞ്ഞു പരസ്യയോഗവുമുണ്ടായിരുന്നു. പ്രസ്തുത യോഗങ്ങളിൽ മെ: കെ. ജി. തോമസ്, എൻ. റാവി. ഈപ്പൻ, സി. കെ. മാത്യു എന്നവർ പ്രസംഗികന്മാരായിരുന്നു.